28
2026
ജൂലൈ
ചൊവ്വ
കർക്കിടകം 12

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 148 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-148 പേജ് 4. വില 2.00 രൂപ




02 ഓണംവാരാഘോഷം: ഗ്രീൻ പ്രോട്ടോക്കോൾ കർശനമാക്കും
03 ലക്ഷ്മിപ്രിയക്കെതിരായ പരാതി: അൻസിബ നേരിട്ടെത്തി മൊഴി നൽകണം
04 ഫിഫ ലോകകപ്പ് ഫൈനൽ നിയന്ത്രിച്ച റഫറി സ്ലാവ്കോ വിൻസിച്ച് വിരമിച്ചു

# ശംഖുംമുഖത്ത് മൽസ്യ തൊഴിലാളികളെയും ഉൾക്കൊള്ളണം



തിരു: ശംഖുമുഖത്ത് ഏകദേശം 14 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന വേവ് പ്രൂഫ് ഗാലറി നിർമ്മാണത്തോടനുബന്ധിച്ച് മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനും തീരദേശ ഭവനങ്ങളുടെ സംരക്ഷണത്തിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ ആവശ്യപ്പെട്ടു. നിർമാണ മേഖല സന്ദർശിച്ച ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി. സ്റ്റെല്ലസ് ഉൾപ്പെടെയുള്ള പ്രതിനിധികൾ, കടൽസൗന്ദര്യം ആസ്വദിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിനൊപ്പം കണ്ണാന്തുറ മത്സ്യ ഗ്രാമങ്ങൾ ഉൾപ്പെടെയുള്ള തീരദേശ മത്സ്യ ഗ്രാമങ്ങളിലെ കടൽഭീഷണി നേരിടുന്ന വീടുകളുടെ സംരക്ഷണവും പദ്ധതിയുടെ ഭാഗമാക്കണമെന്ന് സർക്കാരിനോട് അഭ്യർഥിച്ചു. ശംഖുമുഖം തീരത്ത് മത്സ്യബന്ധനത്തിന് ആശ്രയിക്കുന്ന ഏകദേശം 300-ഓളം ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിച്ച കട്ടമരങ്ങളും ഫൈബർ വള്ളങ്ങളും കമ്പവല( കരമടി) വള്ളങ്ങളും ദിവസേന കടലിലിറങ്ങുകയും മത്സ്യബന്ധനത്തിന് ശേഷം കരയിലേക്ക് കയറ്റിവെക്കുകയും ചെയ്യുന്നു. കടൽക്ഷോഭ സമയങ്ങളിൽ ഇവ സുരക്ഷിത മേഖലകളിലേക്ക് മാറ്റുന്നതിനും തിരിച്ചുകൊണ്ടുവരുന്നതിനും നിലവിൽ നിർമ്മിച്ചിരിക്കുന്ന 6.5 മീറ്റർ വീതിയുള്ള റാംപ് അപര്യാപ്തമാണെന്ന് ഫെഡറേഷൻ ചൂണ്ടിക്കാട്ടി. മത്സ്യത്തൊഴിലാളികളുടെ ദൈനംദിന ഉപജീവനത്തിന് തടസ്സം സൃഷ്ടിക്കാതിരിക്കാനായി റാംപിന്റെ വീതി 12 മീറ്ററായി വർധിപ്പിക്കണമെന്നും, നിർമാണ പ്രവർത്തനങ്ങൾ അതനുസരിച്ച് ക്രമീകരിക്കണമെന്നും ഫെഡറേഷൻ ആവശ്യപ്പെട്ടു.കൂടാതെ, തെക്കൻ ഭാഗത്തുനിന്നുള്ള തിരമാലകളുടെ ശക്തമായ ആക്രമണ ഭീഷണി നേരിടുന്ന ശംഖുമുഖം, കണ്ണാന്തുറ ഗ്രാമങ്ങളിലെ നിരവധി വീടുകൾക്ക് സംരക്ഷണം ഉറപ്പാക്കുന്ന തീരസംരക്ഷണ നടപടികളും വേവ് പ്രൂഫ് ഗാലറി പദ്ധതിയോടൊപ്പം നടപ്പാക്കണമെന്ന് ഫെഡറേഷൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

## തിരക്ക് കാരണം വാതിൽ അടഞ്ഞില്ല; പ്രിയദർശിനി ബസിൽനിന്ന് തെറിച്ചു വീണ് വിദ്യാർഥിനിക്ക് പരിക്ക്

കോഴിക്കോട്: പ്രിയദർശിനി ബസിൽ നിന്നും തെറിച്ചു വീണ് പ്ലസ് വൺ വിദ്യാർഥിനിക്ക് ഗുരുതര പരിക്ക്. കക്കട്ടിൽ മണിയൂർതാഴെ സ്വദേശിനിയായ വൈഗയ്ക്കാണ് പരിക്കേറ്റത്. നാദാപുരം ടിഐഎം ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർഥിനിയാണ് വൈഗ. ബസിൽ നിറയെ യാത്രക്കാരുണ്ടായിരുന്നു. തിരക്ക് കാരണം ബസിൻറെ വാതിൽ കൃത്യമായി അടയ്ക്കാൻ സാധിച്ചിരുന്നില്ല. ഈ തിരക്കിനിടയിൽ ബസിൻറെ സ്റ്റെപ്പിൽ നിൽക്കുകയായിരുന്ന കുട്ടി, വാഹനം ഓടിക്കൊണ്ടിരിക്കെ ഡോർ തുറന്ന് പുറത്തേക്ക് തെറിച്ചു വീഴുകയായിരുന്നു. അപകടത്തിൽ തലയ്ക്കും കൈയ്ക്കും പരിക്കേറ്റ കുട്ടിയെ ഉടൻ തന്നെ കക്കട്ടിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## അഡ്ഹോക് കമ്മിറ്റിയുമായി മുന്നോട്ടില്ല: കോടതിയെ നിലപാട് അറിയിച്ച് രമേഷ് പിഷാരടി

കൊച്ചി: അഡ്ഹോക് കമ്മിറ്റിയുമായി മുന്നോട്ട് പോകാൻ താനില്ലെന്ന് രമേഷ് പിഷാരടി എംഎൽഎ. 'അമ്മ' അധികാര തർക്കത്തിൽ അഡ്ഹോക് കമ്മിറ്റിക്ക് നിയമസാധുതയില്ലെന്ന് ചൂണ്ടിക്കാട്ടി ശ്വേത മേനോൻ എറണാകുളം മുൻസിഫ് കോടതിയിൽ നൽകിയ ഹർജിയിലാണ് പിഷാരടി നിലപാട് അറിയിച്ചത്. അഡ്ഹോക് കമ്മിറ്റിയുമായി മുന്നോട്ട് പോകാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും അതിനാൽ ഹർജി തള്ളണമെന്നാണ് പിഷാരടിയുടെ ആവശ്യം. കേസിൽ കക്ഷി ചേരണമെന്ന് ആവശ്യപ്പെട്ട് അൻസിബ നൽകിയ അപേക്ഷ കോടതി കേൾക്കും.

അൻസിബയെ കക്ഷി ചേർക്കരുത് എന്നാണ് ശ്വേതയുടെ നിലപാട്. ജനറൽ ബോഡി യോഗത്തിനിടെ പ്രസിഡൻറ് ശ്വേത മേനോനും എക്സിക്യൂട്ടീവ് അംഗങ്ങളും രാജി പ്രഖ്യാപിച്ച് പുറത്തേക്ക് പോയതിന് പിന്നാലെയാണ് രമേഷ് പിഷാരടിയുടെ നേതൃത്വത്തിൽ അഡ്ഹോക് കമ്മിറ്റി വന്നത്. എന്നാൽ ഔദ്യോഗികമായി രാജിവയ്ക്കാതിരുന്ന ശ്വേത തനിക്കെതിരെ ഉന്നയിച്ച സാമ്പത്തിക ക്രമക്കേടുകളിൽ അടക്കം നിരപരാധിത്വം തെളിയിക്കാതെ പുറത്തു പോവില്ലെന്ന് വ്യക്തമാക്കി തിരിച്ചെത്തുകയായിരുന്നു.

## മത്സ്യകർഷകർക്കും മത്സ്യമേഖലയിലെ ചെറുകിട സംരംഭങ്ങൾക്കും ആശ്വാസമായി പി. എം-എം. കെ. എസ്. എസ്. വൈ പദ്ധതി; കൂടുതൽ അപേക്ഷകൾ ക്ഷണിക്കുന്നു.

കൊച്ചി: മത്സ്യകർഷകരുടെയും മത്സ്യമേഖലയിലെ തൊഴിലാളികളുടെയും ചെറുകിട സംരംഭങ്ങളുടെയും സാമ്പത്തിക പുരോഗതി ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പ്രധാനമന്ത്രി മത്സ്യ കിസാൻ സമൃദ്ധി സഹ-യോജന (ജങങഗടടഥ) പദ്ധതിയിലേക്ക് കേരളത്തിൽ നിന്ന് കൂടുതൽ അപേക്ഷകൾ ക്ഷണിച്ചു.

മത്സ്യകർഷകർ, മത്സ്യത്തൊഴിലാളികൾ, മത്സ്യ വിൽപ്പനക്കാർ, മത്സ്യസംസ്കരണ മേഖലയിലെ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ, സ്വയംസഹായ സംഘങ്ങൾ (ടഒഏ), സഹകരണ സംഘങ്ങൾ, ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (എഎജഛര), സ്റ്റാർട്ടപ്പുകൾ തുടങ്ങിയവർക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാണ്.

**പദ്ധതിയുടെ പ്രധാന ഗുണങ്ങൾ:**

ദേശീയ മത്സ്യമേഖല ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്നതിലൂടെ ഔദ്യോഗിക ഡിജിറ്റൽ തിരിച്ചറിയൽ. മത്സ്യസംരംഭങ്ങളുടെ പ്രവർത്തനക്ഷമതയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള പ്രകടനാടിസ്ഥാനത്തിലുള്ള ധനസഹായം. മത്സ്യ ഉൽപ്പന്നങ്ങളുടെ സുരക്ഷയും ഗുണനിലവാരവും ഉയർത്താൻ സഹായം

തൊഴിൽ അവസരങ്ങൾ വർധിപ്പിക്കുന്നതിനും പിന്തുണ.

കേരളത്തിൽ ഈ പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന പങ്കാളിത്ത സ്ഥാപനമായി കേരള ഫിഷറീസ് സമുദ്ര പഠന സർവകലാ ശാല (ഗഡഎചരട) പ്രവർത്തിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ ബോധവൽക്കരണം, പരിശീലനം, സാങ്കേതിക പിന്തുണ, രജിസ്ട്രേഷൻ സഹായം, വിവിധ പദ്ധതി ആനുകൂല്യങ്ങളെക്കുറിച്ചുള്ള മാർഗനിർദ്ദേശം എന്നിവ കുഫോസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു.

അർഹരായ മത്സ്യകർഷകരും മത്സ്യബന്ധന-അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തി പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യങ്ങൾ നേടണമെന്ന് പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസറും ഫിഷറീസ് ഡീനുമായ ഡോ. ദിനേശ് കൈപ്പിള്ളി അഭ്യർഥിച്ചു. കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറിൽ പ്രൊജക്റ്റ് മാനേജരായ ഡോ. കെ. ജിതിനെ ബന്ധപ്പെടാവുന്നതാണ്.

Ph: +918330074639

## കുഫോസിൽ ഭാഷാ വിഷയങ്ങളിൽ ഗസ്റ്റ് അധ്യാപക ഒഴിവ് വാക്ക് ഇൻ ഇന്റർവ്യൂ ആഗസ്റ്റ് 7ന്

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ ഇംഗ്ലീഷ്, ഹിന്ദി, മലയാളം വിഷയങ്ങളിൽ ഗസ്റ്റ് അധ്യാപക ഒഴിവിലേക്ക് വാക്ക് ഇൻ ഇന്റർവ്യൂ ആഗസ്റ്റ് 7ന്. ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽ നിന്ന് ബന്ധപ്പെട്ട വിഷയത്തിൽ കുറഞ്ഞത് 55% മാർക്കോടുകൂടി ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. ചഋഠ/ടഘഋഠ/സെറ്റ് യോഗ്യത ഉള്ളവർക്ക് മുൻഗണന. ഭാഷാധ്യാപനം, ആശയവിനിമയ നൈപുണി, ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകൾ (എഉജ), ചഋജ/എഥഡഏജ അടിസ്ഥാനത്തിലുള്ള അധ്യാപന പരിചയം, യുജിസി കെയർ ലിസ്റ്റ്/പിയർ റിവ്യൂഡ് ജേണലുകളിലെ ഗവേഷണ പ്രസിദ്ധീകരണങ്ങൾ എന്നിവ അഭികാമ്യം. മേൽപറഞ്ഞ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികൾ നിശ്ചിത അപേക്ഷാ ഫീസ് ഓൺലൈൻ ആയി അടച്ചതിന് ശേഷം ഫീസ് അടച്ച രസീത്, യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, കുഫോസ് വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത പൂരിപ്പിച്ച അപേക്ഷാ ഫോം എന്നിവയുമായി ആഗസ്റ്റ് 7ന് കുഫോസിന്റെ പനങ്ങാടുള്ള ക്യാമ്പസ്സിൽ എത്തിച്ചേരേണ്ടതാണ്. റിപ്പോർട്ടിംഗ് സമയം: ഇംഗ്ലീഷ് രാവിലെ 9.30, ഹിന്ദി രാവിലെ 10.30, മലയാളം രാവിലെ 11.30 എന്നിങ്ങനെയാണ്. അപേക്ഷാ രീതി, യോഗ്യത, ഫീസ് എന്നിവയുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾക്ക് kufos. ac. in സന്ദർശിക്കുക

## സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സമരപ്രഖ്യാപനം നടത്തി

തിരുവനന്തപുരം: മത്സ്യത്തൊഴിലാളി സമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം ആവശ്യപ്പെട്ട് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാനവ്യാപക സമരപരിപാടികൾക്ക് ആഹ്വാനം ചെയ്തു. തിരുവനന്തപുരത്ത് ചേർന്ന സംസ്ഥാന നേതൃയോഗത്തിലാണ് സമരപ്രഖ്യാപനം നടത്തിയത്.

മുടങ്ങിക്കിടക്കുന്ന മത്സ്യത്തൊഴിലാളി ക്ഷേമ-വികസന പദ്ധതികൾ പുനരാരംഭിക്കുക, പ്രതീക്ഷപ്രത്യാശ ഫിഷറീസ് ഫ്ലാറ്റുകളിലേക്ക് ട്രാൻസ്പോർട്ട് ബസ് സർവീസ് ഏർപ്പെടുത്തുക, തീരദേശ മേഖലയിലുണ്ടായിരുന്ന ബസ് സർവീസുകൾ പുനഃസ്ഥാപിക്കുക, വിദ്യാർഥികൾക്കുള്ള ലംപ്സം ഗ്രാന്റ് വിതരണം ചെയ്യുക, എം. എസ്. സി. കപ്പൽ ദുരന്തത്തെ തുടർന്ന് നഷ്ടം നേരിട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിക്കുക, മത്സ്യബന്ധന യാനങ്ങൾക്ക് നിലവിൽ ലഭ്യമാക്കുന്ന 120 ലിറ്റർ മണ്ണെണ്ണയുടെ വിഹിതം 750 ലിറ്ററായി വർധിപ്പിക്കുക, മുടങ്ങിക്കിടക്കുന്ന മണ്ണെണ്ണ സബ്സിഡി ഉടൻ വിതരണം ചെയ്യുക തുടങ്ങിയ ആവശ്യങ്ങളാണ് നേതൃയോഗം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്.

ഈ ആവശ്യങ്ങളിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കാത്ത പക്ഷം ശക്തമായ പ്രതിഷേധ സമരങ്ങളുമായി മുന്നോട്ടുപോകാൻ യോഗം തീരുമാനിച്ചു. സംസ്ഥാന ചീഫ് കോർഡിനേറ്റർ ഡോ. എഫ്. എം. ലാസർ നേതൃയോഗം ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് പി. സ്റ്റെല്ലസ് അധ്യക്ഷത വഹിച്ചു. തിരുവനന്തപുരം വനിതാ കോർഡിനേറ്റർ മരിയക്കുട്ടി ജസ്റ്റിൻ, സംസ്ഥാന ഭാരവാഹികളായ മറിയംകുട്ടി (വെട്ടുകാട്), നെപ്പോളിയൻ ഫ്രാൻസിസ്, ജലസ്റ്റിൻ പൂന്തുറ, റംല ബീവി, ജൂബിറ്റ്, സുമലത, തുമ്പ ഫ്രാൻസിസ്, ഷംല ബീവി എന്നിവർ പ്രസംഗിച്ചു.






# ഓണവിപണിയിൽ മിതമായ നിരക്കിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കും: മന്ത്രി അനൂപ് ജേക്കബ്

## സപ്ലൈകോ ഓണം ഫെയറുകൾ ആഗസ്റ്റ് 8 മുതൽ

ഓണക്കാലത്ത് വിലക്കയറ്റം നിയന്ത്രിച്ച് ജനങ്ങൾക്ക് അവശ്യസാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് വിപുലമായ ഒരുക്കങ്ങൾ ആരംഭിച്ചതായി ഭക്ഷ്യ, പൊതുവിതരണ വകുപ്പ് മന്ത്രി അനൂപ് ജേക്കബ് തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ നടന്ന വാർത്താസമ്മേളനത്തിൽ അറിയിച്ചു. സപ്ലൈകോയുടെ ഓണം ട്രേഡ് ഫെയറുകൾ ആഗസ്റ്റ് 8ന് ആരംഭിക്കും. എറണാകുളത്ത് അന്നേദിവസം വൈകിട്ട് 4.30ന് മുഖ്യമന്ത്രി വി ഡി സതീശൻ ട്രേഡ് ഫെയർ ഉദ്ഘാടനം ചെയ്യും.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് ഓണം മെഗാ ട്രേഡ് ഫെയറുകൾ സംഘടിപ്പിക്കുന്നത്. ഇതിന് പുറമെ 11 ജില്ലകളിൽ ആഗസ്റ്റ് 16 മുതൽ 25 വരെ ജില്ലാ ഫെയറുകളും, 126 നിയമസഭാ മണ്ഡലങ്ങളിൽ ഓണം മാർക്കറ്റുകളും സംഘടിപ്പിക്കും. ഓണത്തിന് മുന്നോടിയായുള്ള അവസാന ആറു ദിവസങ്ങളിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രത്യേക ഫെയറുകളും നടക്കും. ജനങ്ങൾക്ക് ന്യായവിലയിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളും ഫെയറുകളുടെ ഭാഗമാകും.

ഓണക്കാലത്ത് വിവിധ പദ്ധതികളിലൂടെ 1,29,078.302 മെട്രിക് ടൺ അരിയും 24,506.291 മെട്രിക് ടൺ ഗോതമ്പും വിപണിയിൽ എത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സെപ്റ്റംബർ മാസത്തെ സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യമുള്ളവർക്ക് ആഗസ്റ്റിൽ തന്നെ മുൻകൂറായി വാങ്ങുന്നതിനുള്ള സൗകര്യവും ഒരുക്കും. നീല റേഷൻ കാർഡുടമകൾക്ക് സാധാരണ വിഹിതത്തിന് പുറമെ മൂന്ന് കിലോ അരിയും രണ്ട് കിലോ ഗോതമ്പും അധികമായി വിതരണം ചെയ്യും. എൻപിഎസ്, എൻപിഎൻഎസ് ഉൾപ്പെടെയുള്ള എല്ലാ വിഭാഗം കാർഡുടമകൾക്കും ഗോതമ്പ് ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു.

എഎവൈ (മഞ്ഞ) റേഷൻ കാർഡുടമകൾക്കുള്ള 16 ഇനം ഉൽപ്പന്നങ്ങൾ അടങ്ങിയ സൗജന്യ ഓണക്കിറ്റ് വിതരണം ആഗസ്റ്റ് ആദ്യവാരം ആരംഭിക്കും. ആഗസ്റ്റ് 25 നകം വിതരണം പൂർത്തിയാക്കും. എഎവൈ കാർഡ് ഉടമകൾക്കും ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കുമായി സൗജന്യ ഓണക്കിറ്റ് വിതരണത്തിനായി 53 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

വിപണിയിലെ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയാൻ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ആഗസ്റ്റ് മുതൽ പരിശോധന ശക്തമാക്കും. വിലനിലവാരം നിരീക്ഷിക്കുന്ന പ്രൈസ് മോണിറ്ററിങ് സെല്ലിന്റെ പ്രവർത്തനവും കൂടുതൽ കാര്യക്ഷമമാക്കും. ഓണക്കിറ്റ് വിതരണം, വിപണി ഇടപെടൽ, നെല്ല് സംഭരണം എന്നിവയ്ക്കായി കഴിഞ്ഞ രണ്ട് മാസത്തിനിടെ 448.05 കോടി രൂപ സർക്കാർ അനുവദിച്ചതായും മന്ത്രി പറഞ്ഞു.

സർക്കാരിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായി 50,000 മുൻഗണനാ റേഷൻ കാർഡുകൾ നൽകാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെങ്കിലും ഇതിനകം 73,024 അപേക്ഷകൾ അംഗീകരിച്ച് പുതിയ കാർഡുകൾ അനുവദിക്കാനായതായി മന്ത്രി അറിയിച്ചു. പുതിയ കാർഡുകളുടെ സംസ്ഥാനതല വിതരണ ഉദ്ഘാടനം ആഗസ്റ്റ് 3ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും. 30 ഉന്നതികളിൽ കൂടി സഞ്ചരിക്കുന്ന റേഷൻ കടകൾ പുതുതായി ആരംഭിക്കുമെന്നും ഇതിന്റെ ഉദ്ഘാടനം ആഗസ്റ്റ് 7ന് കാസർകോട് ജില്ലയിൽ സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

നെല്ല് സംഭരണവുമായി ബന്ധപ്പെട്ടിരുന്ന മുൻകാല പ്രതിസന്ധികൾ വലിയൊരളവിൽ പരിഹരിച്ചതായി മന്ത്രി പറഞ്ഞു. ബാങ്കുകളുടെ കൺസോർഷ്യം വഴിയുള്ള വായ്പാ പരിധി 1,600 കോടി രൂപയായി വർധിപ്പിച്ചിട്ടുണ്ട്. അടുത്ത നെല്ല് സംഭരണ സീസണിന് മുമ്പ് കർഷകരുടെ രജിസ്ട്രേഷൻ കൃഷി വകുപ്പുമായി സഹകരിച്ച് പൂർത്തിയാക്കുമെന്നും മന്ത്രി വ്യക്തമാക്കി.സപ്ലൈകോയിൽ സാമ്പത്തിക സ്വയംപര്യാപ്തത നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓണത്തിന് ശേഷം പുതിയ മാർക്കറ്റിങ് പദ്ധതി നടപ്പാക്കും. പരസ്യവരുമാനം, എഫ് എം സി ജി ഉൽപ്പന്നങ്ങളുടെ വിപണനം, പെട്രോൾ പമ്പുകൾ എന്നിവയിലൂടെ അധിക വരുമാനം കണ്ടെത്താനാണ് പദ്ധതി. ഇതിലൂടെ ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് സപ്ലൈകോയുടെ 13 സബ്സിഡി ഉൽപ്പന്നങ്ങളുടെ വിതരണം കൂടുതൽ കാര്യക്ഷമമാക്കുമെന്നും മന്ത്രി പറഞ്ഞു.



ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 സംബന്ധിച്ച മേഖലാതല ശിൽപശാലകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവഹിക്കുന്നു. മന്ത്രിമാരായ കെ എം ഷാജി, സണ്ണി ജോസഫ് എന്നിവർ സമീപം

# ശാസ്ത്രീയ മാലിന്യ പരിപാലനത്തിന് ഏകോപിത പ്രവർത്തനം അനിവാര്യം മുഖ്യമന്ത്രി വി ഡി സതീശൻ

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 ഫലപ്രദമായി നടപ്പാക്കുന്നതിന് എല്ലാ വകുപ്പുകളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും ഏകോപിത പ്രവർത്തനം അനിവാര്യമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 സംബന്ധിച്ച മേഖലാതല ശില്പശാലകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം, വഴുതക്കാട് ശ്രീമൂലം ക്ലബ്ബിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിന്റെ വികസന അജണ്ടയിൽ ഏറ്റവും പ്രധാനപ്പെട്ട മുൻഗണനകളിലൊന്നാണ് ശാസ്ത്രീയ മാലിന്യ നിർമാർജ്ജനമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ജനസാന്ദ്രത കൂടുതലുള്ള സംസ്ഥാനമായ കേരളത്തിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

വ്യക്തിശുചിത്വത്തിനപ്പുറം സാമൂഹിക ശുചിത്വം ഓരോ പൗരന്റെയും ഉത്തരവാദിത്തമായി മാറണം. പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന പ്രവണത ഉൾപ്പെടെയുള്ള ദുശ്ശീലങ്ങളിൽ മാറ്റമുണ്ടാകണം. സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വന്നാലേ കേരളത്തെ യഥാർഥ അർഥത്തിൽ ഹരിത കേരളമാക്കി മാറ്റാൻ കഴിയൂ.

മാലിന്യ സംസ്കരണരംഗത്ത് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള മുന്നേറ്റങ്ങൾ അംഗീകരിക്കുന്നതിനൊപ്പം ഇനിയും കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. റെസിഡന്റ്സ് അസോസിയേഷനുകൾ ഉൾപ്പെടെയുള്ള ജനകീയ കൂട്ടായ്മകൾ ഈ രംഗത്ത് സജീവ പങ്കാളികളാകണം. ശാസ്ത്രീയമല്ലാത്ത മാലിന്യ സംസ്കരണ രീതികൾക്കും കടലാസ് കമ്പനികൾ മുഖേനയുള്ള വ്യാജ സംസ്കരണ അവകാശവാദങ്ങൾക്കും സർക്കാർ അംഗീകാരം നൽകില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

എല്ലാ ജില്ലകളിലും സമഗ്ര മാലിന്യ സംസ്കരണ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കണം. നഗരസഭകളും ഗ്രാമപഞ്ചായത്തുകളും സംയുക്തമായി മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കണം. പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിയണം.

ശാസ്ത്രീയവും പരിസ്ഥിതി സൗഹൃദവുമായ ഖരമാലിന്യ പരിപാലനം പൊതുജനാരോഗ്യ സംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും സുസ്ഥിര വികസനത്തിനും അനിവാര്യമാണ്. 2026 ഏപ്രിൽ 1 മുതൽ രാജ്യത്ത് പ്രാബല്യത്തിൽ വന്ന ഖരമാലിന്യ പരിപാലന ചട്ടങ്ങൾ കൃത്യമായി നടപ്പാക്കാൻ എല്ലാ തദ്ദേശസ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളും ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

ചടങ്ങിൽ തദ്ദേശസ്വയംഭരണ മന്ത്രി കെ എം ഷാജി അധ്യക്ഷത വഹിച്ചു. വൈദ്യുതി, പരിസ്ഥിതി, പാർലമെന്ററികാര്യ മന്ത്രി സണ്ണി ജോസഫ് വിശിഷ്ടാതിഥിയായി. തിരുവനന്തപുരം മേയർ വി വി രാജേഷ് ആശംസകൾ നേർന്നു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ ശ്രീകല എസ് സ്വാഗതം പറഞ്ഞു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഡോ ദിവ്യ എസ് അയ്യർ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ ബിനു ഫ്രാൻസിസ് എന്നിവർ സംബന്ധിച്ചു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. രതീഷ് മേനോൻ നന്ദി രേഖപ്പെടുത്തി.

ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026 ഫലപ്രദമായി നടപ്പാക്കുന്നതിനും ചട്ടങ്ങളുടെ പാലനം ഉറപ്പാക്കുന്നതിനും വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാതല ശില്പശാലകൾ സംഘടിപ്പിക്കും.

# കൊച്ചിയിൽ സ്വന്തമാക്കാം സ്വപ്നതുല്യമായ ജീവിതശൈലി; സ്കൈലൈൻ സാങ്ച്വറി പ്രീമിയം ഡവലപ്മെൻറ് പ്ലോട്ടുകൾ

### നിങ്ങൾ ആഗ്രഹിച്ച രീതിയിൽ സ്വന്തം വീട് രൂപകല്പന ചെയ്യാനുള്ള അപൂർവ അവസരം

കൊച്ചി നഗരത്തിൻറെ സിരാകേന്ദ്രത്തിനടുത്തായി സർവസൗകര്യങ്ങളുമുള്ള ഒരു പ്രദേശത്ത് സ്വന്തമായി ഒരു വീട് എന്നത് ഏതൊരാളുടെയും വലിയൊരു സ്വപ്നമാണ്. ആ സ്വപ്നം സാക്ഷാത്കരിക്കാനായി കേരളത്തിലെ നമ്പർവൺ ബിൽഡറായ സ്കൈലൈൻ ബിൽഡേഴ്സ് അവതരിപ്പിക്കുന്ന ആകർഷകവും വ്യത്യസ്തവുമായ ഒരു പ്രോജക്ടാണ് സ്കൈലൈൻ സാങ്ചറി. 100 ശതമാനം കസ്റ്റമൈസ് ചെയ്യാവുന്ന പ്രീമിയം വില്ല പ്ലോട്ടുകൾ, പൂർണമായും ഞഋഞഅ അംഗീകൃതമായ ഒരു ഗേറ്റഡ് കമ്മ്യൂണിറ്റി.

പൂർണമായ രൂപകല്പന സ്വാതന്ത്ര്യം

സമകാലിക (Contemporary), പരമ്പരാഗത (Traditional), കോളോണിയൽ, ആഡംബര വില്ല ഡിസൈനുകൾ – നിങ്ങളുടെ അഭിരുചിക്കനുസരിച്ച് വീട് ഡിസൈൻ ചെയ്യാം. നിർമാണം നിങ്ങൾക്ക് തന്നെ നടത്താം.

20+ അന്താരാഷ്ട്ര നിലവാരമുള്ള അമെനിറ്റികൾ

സ്വിമ്മിംഗ് പൂൾ, മൾട്ടി – പർപ്പസ് ടർഫ്, ബാഡ്മിൻറൺ കോർട്ട്, ഔട്ട്ഡോർ ജിം, ലാൻഡ്സ്കേപ്പ്ഡ് ഗാർഡൻ, ആംഫിതിയേറ്റർ, ജോഗിംഗ് ട്രാക്ക്, ക്ലബ് ഹൗസ് തുടങ്ങി 20ലധികം പ്രീമിയം ലൈഫ് സ്റ്റൈൽ അമെനിറ്റികളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്.

പ്രീമിയം ലൊക്കേഷനും ഉയർന്ന നിക്ഷേപ മൂല്യവും

ലുലു മാളിലേക്ക് വെറും 15 മിനിറ്റ് ഡ്രൈവ് മാത്രമുള്ള കൂനമ്മാവിലാണ് ഈ പ്രോജക്ട് സ്ഥിതിചെയ്യുന്നത്. നാഷണൽ ഹൈവേ 544ന് സമീപം, നിർദിഷ്ട ആറുവരി ദേശീയപാതയോട് ചേർന്ന്, പ്രമുഖ ഷോപ്പിംഗ്-വിനോദ കേന്ദ്രങ്ങളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാവുന്ന ഇടം. വിമാനത്താവളത്തിലേക്ക് അര മണിക്കൂർ മാത്രം. മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിലേക്ക് 15 മിനിറ്റും. അതിവേഗം വളരുന്ന ഈ മേഖലയിൽ സ്ഥലം സ്വന്തമാക്കുന്നത് മികച്ചൊരു നിക്ഷേപ അവസരം കൂടിയാണ്.

ലളിതവും സുതാര്യവുമായ പ്രക്രിയ

വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ എന്നിവ മുൻകൂട്ടി സജ്ജമാക്കിയ റെഡി-ടു-ബിൽഡ് പ്ലോട്ടുകളാണിവ. ഞഋഞഅ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്ന സ്കൈലൈൻ ബിൽഡേഴ്സ് തടസങ്ങളില്ലാത്ത, വേഗത്തിലുള്ള ഡോക്യുമെൻറേഷനും ഉറപ്പുനൽകുന്നു. ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ ബാങ്ക് വായ്പാ സൗകര്യങ്ങളും ലഭ്യമാണ്. കൂടാതെ കൈമാറ്റത്തിന് ശേഷം വിശ്വസ്തമായ 'ടസ്യൃഇമൃല', 'ഒീാല ഇമൃല' സേവനങ്ങളും ലഭ്യമാണ്.

നിങ്ങളുടെ സ്വപ്നഭവനം ഇനി യാഥാർഥ്യമാക്കാം!

ലിമിറ്റഡ് പ്ലോട്ടുകൾ മാത്രം ലഭ്യമായ ഈ സുവർണാവസരം കൈവിടാതിരിക്കൂ.

കൂടുതൽ വിവരങ്ങൾക്കായി വിളിക്കൂ: കിറശമ: 9744403333 Dubai: +971 55 4552975

Website: https: //skylinehectares. com/skyline-sanctuary/

# 'ഓടാൻ ശ്രമിച്ചെങ്കിലും പിടിച്ചുവലിച്ച് അടിച്ചു വീഴ്ത്തി': തൃക്കാക്കരയിലെ ക്രൂരമർദനത്തെ കുറിച്ച് പരിക്കേറ്റ ഷാഫിയുടെ പിതാവ്

കൊച്ചി: തൃക്കാക്കരയിൽ മകനും സുഹൃത്തുക്കളും നേരിട്ട ക്രൂരമർദനത്തെ കുറിച്ച് പറഞ്ഞ് മുഹമ്മദ് ഷാഫിയുടെ പിതാവ്. ഞായറാഴ്ച പുലർച്ചെ രണ്ടോടെ എൻജിഒ ക്വാർട്ടേഴ്സ് ജംഗ്ഷനിലെ റൗണ്ട് എ ബൗട്ടിന് സമീപമായിരുന്നു ഇടിവേള ഉപയോഗിച്ച് യുവാക്കളെ കാറിലെത്തിയ മൂന്നംഗ സംഘം ക്രൂരമായി മർദിച്ചത്. ഇടിവള ഉപയോഗിച്ചും മറ്റുമുള്ള ആക്രമണത്തിൽ കാക്കനാട് പടമുകൾ സ്വദേശി മുഹമ്മദ് ഷാഫി, വാഴക്കാല സ്വദേശികളായ പ്രവീൺ, നിസാം എന്നിവർക്കാണ് ഗുരുതരമായി പരിക്കേറ്റത്. മകനും സുഹൃത്തുക്കളും ചെമ്പുമുക്കിൽ സുഹൃത്തിന്റെ വിവാഹ ചടങ്ങിൽ പങ്കെടുത്ത് മടങ്ങി വരവെയാണ് സംഭവമുണ്ടായത്. മണവാളന്റെ കുന്നപുറത്തെ വീട്ടിൽ നിന്നും തിരിച്ച് വരുന്നതിനിടെ ബർക്കത്ത് എന്ന കടയിൽ നിന്നും ചായ കുടിച്ചു. അഞ്ചു സുഹൃത്തുക്കളാണ് ഉണ്ടായിരുന്നത്. അതിൽ രണ്ടു പേർ വീട്ടിലേക്ക് പോയി. മകനും മറ്റു രണ്ടു സുഹൃത്തുക്കളും ചായ കുടിച്ച് ഇറങ്ങിയപ്പോഴാണ് ഗുണ്ടകൾ എത്തിയത്. മറ്റൊരു ടീമുമായി വാക്കേറ്റം നടന്നതിനെ കുറിച്ച് എന്താണ് ചേട്ടാ എന്ന് അവരോട് ചോദിച്ചു. പിന്നെ ബോധമില്ല. ഒറ്റയടിക്ക് താഴെ വീണു. ആദ്യം പ്രവീണിനെ അടിച്ചു വീഴ്ത്തി പിന്നെ ഷാഫിയെയും. നിസാം ഓടാൻ ശ്രമിച്ചെങ്കിലും പിടിച്ചു വലിച്ച് അടിച്ചു വീഴ്ത്തുകയായിരുന്നു എന്നാണ് ഷാഫിയുടെ പിതാവ് പ്രതികരിച്ചത്. കേസിലെ പ്രതികളെ കോഴിക്കോട് നിന്നാണ് പോലീസ് പിടികൂടിയത്. കളമശേരി സ്വദേശി ഷെഫിൻ (31), പൂക്കാട്ടുപടി സ്വദേശി ഫഹദ് (30), കോഴിക്കോട് സ്വദേശി ബെന്നി എന്നിവരാണ് പിടിയിലായത്. പ്രതികളെ തൃക്കാക്കര സ്റ്റേനിൽ എത്തിച്ചു. പ്രതികളുടെ മർദനത്തിൽ ഷാഫിയുടെ താടിയെല്ല് തകരുകയും മുൻവരിയിലെ നാല് പല്ലുകൾ ഇളകിപ്പോവുകയും ചെയ്തു. നെറ്റിയിലും ആഴത്തിൽ മുറിവേറ്റിട്ടുണ്ട്. പ്രവീണിന്റെ തലയോട്ടിക്ക് പൊട്ടലും തലച്ചോറിൽ ആന്തരിക രക്തസ്രാവവുമുണ്ട്. നിസാമിന്റെ മൂക്കിനും ചുണ്ടിനും സാരമായി പരിക്കേറ്റിട്ടുണ്ട്.

## ഡിസൈൻ, ലേ ഔട്ട് ആർട്ടിസ്റ്റ് പാനൽ: താത്പര്യപത്രം ക്ഷണിച്ചു

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങളുടെ ഡിസൈൻ, ലേ ഔട്ട് ജോലികൾ നിർവഹിക്കുന്നതിന് ആർട്ടിസ്റ്റുമാരുടെ പാനൽ രൂപീകരിക്കുന്നതിനായി താത്പര്യപത്രം ക്ഷണിച്ചു. മാഗസിൻ ലേ ഔട്ട് രംഗത്ത് കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തിപരിചയമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകർ പുതിയ ഡിസൈൻ പ്രവണതകളിലും സോഫ്റ്റ്‌വെയറുകളിലും പ്രാവീണ്യമുള്ളവരായിരിക്കണം. പ്രമുഖ മാഗസിനുകളുടെ ലേ ഔട്ട് ആർട്ടിസ്റ്റുകളായി പ്രവർത്തിച്ചിട്ടുള്ളവർക്ക് മുൻഗണന ലഭിക്കും. ബന്ധപ്പെട്ട മേഖലയിൽ ബിരുദം/ഡിപ്ലോമ അഭികാമ്യം. മാഗസിനുകൾക്ക് പുറമെ കോഫി ടേബിൾ ബുക്കുകൾ, പുസ്തകങ്ങൾ, ലഘുലേഖകൾ, പോസ്റ്ററുകൾ, ഫോൾഡറുകൾ എന്നിവയുടെ ലേ ഔട്ട് നിർവഹിക്കാനുള്ള കഴിവും പബ്ലിക് റിലേഷൻസ് വകുപ്പിന്റെ എഡിറ്റോറിയൽ വിഭാഗത്തിൽ എത്തി സമയബന്ധിതമായി ജോലികൾ പൂർത്തിയാക്കാനുള്ള സന്നദ്ധതയും അപേക്ഷകർക്ക് ഉണ്ടായിരിക്കണം. നിശ്ചിത സമയപരിധിക്കുള്ളിൽ ജോലി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുന്നവരെ പാനലിൽ നിന്നും ഭാവിയിലെ വകുപ്പിന്റെ എല്ലാ ജോലികളിൽ നിന്നും ഒഴിവാക്കും.മാഗസിൻ, കോഫി ടേബിൾ ബുക്ക്, പുസ്തകം, ലഘുലേഖ, ഫോൾഡർ, പോസ്റ്റർ എന്നിവയുടെ ലേ ഔട്ട് നിരക്കുകൾ അപേക്ഷയിൽ പ്രത്യേകം രേഖപ്പെടുത്തണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 14.

## അപേക്ഷ ക്ഷണിച്ചു

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം മുഖേന നടപ്പിലാക്കുന്ന "കാവൽ പ്ലസ്" പദ്ധതിയുടെ പ്രവർത്തനങ്ങൾ കണ്ണൂർ ജില്ലയിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി കുട്ടികളുടെ സംരക്ഷണ മേഖലയിലെ പ്രവർത്തന പരിചയമുള്ള സന്നദ്ധ സംഘടനകളിൽ നിന്നും കണ്ണൂർ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അപേക്ഷ ക്ഷണിച്ചു.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 10. കൂടുതൽവിവരങ്ങൾക്ക്: 9447862960, dcpuknr@gmail.com

# ഓണംവാരാഘോഷം: ഗ്രീൻ പ്രോട്ടോക്കോൾ കർശനമാക്കും

സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 24 മുതൽ 30 വരെ സംഘടിപ്പിക്കുന്ന ഓണം വാരാഘോഷ പരിപാടികൾ പൂർണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നടത്തുമെന്ന് ഓണംവാരാഘോഷത്തിന്റെ ഭാഗമായുള്ള ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റി അറിയിച്ചു. ഇതിനായി എല്ലാവരും സഹകരിക്കണമെന്ന് ഗ്രീൻ പ്രോട്ടോക്കോൾ സബ്കമ്മിറ്റി ചെയർമാൻ വി. മുരളീധരൻ എംഎൽഎ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ബിനു ഫ്രാൻസിസ് എന്നിവർ പത്രസമ്മേളനത്തിൽ അഭ്യർഥിച്ചു.

ഘോഷയാത്ര കമ്മിറ്റി, ഫുഡ് ഫെസ്റ്റിവൽ കമ്മിറ്റി, ട്രേഡ് ഫെയർ കമ്മിറ്റി, ഇൻഫ്രാസ്ട്രക്ചർ കമ്മിറ്റി, മീഡിയ ആൻഡ് പബ്ലിസിറ്റി കമ്മിറ്റി എന്നിവയുമായി സഹകരിച്ച് ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കും.

ഹരിത ഫ്ലോട്ടുകൾ'ക്ക് പ്രത്യേക പുരസ്കാരംഘോഷയാത്രയ്ക്കായി വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന ഫ്ലോട്ടുകളുടെ നിർമ്മാണത്തിൽ തെർമോകോൾ, പി.വി.സി ഫ്ലെക്സുകൾ, മൾട്ടിലെയർ പ്ലാസ്റ്റിക്കുകൾ എന്നിവ പൂർണ്ണമായും ഒഴിവാക്കണം. പകരം കോട്ടൺ തുണി, ചണം, പേപ്പർ തുടങ്ങിയ പ്രകൃതിസൗഹൃദ വസ്തുക്കൾ മാത്രമേ ഉപയോഗിക്കാവൂ. ഹരിതചട്ടം പാലിച്ച് നിർമ്മിക്കുന്ന മികച്ച ഫ്ലോട്ടുകൾക്ക് സമ്മാന നിർണ്ണയത്തിൽ മുൻഗണന നൽകുന്നതിനൊപ്പം പ്രത്യേക 'ഹരിത ഫ്ലോട്ട് അവാർഡും' നൽകും. കാണികൾക്കായി ഡിസ്പോസിബിൾ ഗ്ലാസുകൾ ഒഴിവാക്കി സ്റ്റീൽ ഗ്ലാസുകളും വാട്ടർ കിയോസ്കുകളും സജ്ജമാക്കും. ഫ്ലോട്ടുകൾ പൊളിക്കുന്ന സ്ഥലങ്ങളിലെ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാൻ 'ക്ലീൻ കേരള കമ്പനി'യുമായി ധാരണാപത്രം ഒപ്പുവെക്കണം.പ്ലാസ്റ്റിക് കപ്പുകൾക്കും പ്ലേറ്റുകൾക്കും വിലക്ക്

ഭക്ഷണ സ്റ്റാളുകളിൽ ഡിസ്പോസിബിൾ കപ്പുകൾ, പ്ലേറ്റുകൾ എന്നിവയ്ക്ക് കർശന നിരോധനം ഏർപ്പെടുത്തും. കഴുകി ഉപയോഗിക്കാവുന്ന പ്ലേറ്റുകളും സ്റ്റീൽ ഗ്ലാസുകളും മാത്രമേ അനുവദിക്കൂ. ഐസ്ക്രീമുകൾ, സ്നാക്സുകൾ എന്നിവ വിതരണം ചെയ്യുന്നതിനും കഴുകി ഉപയോഗിക്കാവുന്ന ബൗളുകൾ ഏർപ്പെടുത്തണം. സ്റ്റാളുകളിൽ നിന്നും ആഹാരം പാഴ്സൽ നൽകുന്നതിന് പ്രകൃതി സൗഹൃദ പാത്രങ്ങൾ, ഫുഡ് ഗ്രേഡ് കണ്ടെയ്നറുകൾ എന്നിവ മാത്രം ഉപയോഗിക്കണം. പൊതുജനങ്ങൾക്ക് ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കാൻ അനുയോജ്യമായ ബിന്നുകൾ സ്റ്റാളുകളിൽ സ്ഥാപിക്കണം. നിയമലംഘനങ്ങൾ പരിശോധിക്കാൻ പ്രത്യേക സ്ക്വാഡുകളെ നിയോഗിക്കും.വ്യാപാരികൾ തുണി, പേപ്പർ സഞ്ചികൾ കരുതണം

ട്രേഡ് ഫെയറുകളിലും എക്സിബിഷനുകളിലും പ്ലാസ്റ്റിക് ക്യാരിബാഗുകൾ പൂർണ്ണമായും നിരോധിക്കും. വ്യാപാരികൾ തുണി അല്ലെങ്കിൽ പേപ്പർ സഞ്ചികൾ കൗണ്ടറുകളിൽ കരുതണം. മാലിന്യം തരംതിരിക്കാതെ നൽകുന്ന വ്യാപാരികളിൽ നിന്ന് അധിക തുക പിഴയായി ഈടാക്കും.

പിവിസി ഫ്ലക്സുകൾക്ക് അനുമതിയില്ലവേദികളിലും സ്റ്റാളുകളിലും സ്ഥാപിക്കുന്ന ബാനറുകളും ബോർഡുകളും കോട്ടൺ തുണിയിലോ അംഗീകൃത പോളി എത്തിലിൻ വസ്തുക്കളിലോ ഉള്ളതായിരിക്കണം. അനുമതിയില്ലാതെ സ്ഥാപിക്കുന്ന ബാനറുകൾ നീക്കം ചെയ്യും. വേദികളിൽ മാലിന്യ സംഭരണത്തിനായി ജൈവ മാലിന്യങ്ങൾക്ക് പച്ച നിറത്തിലുള്ള ബിന്നുകളും അജൈവ മാലിന്യങ്ങൾക്ക് നീല നിറത്തിലുള്ള ബിന്നുകളും സ്ഥാപിക്കും.ലോഗോ, ടാഗ് ലൈൻ മത്സരംഗ്രീൻ പ്രോട്ടോക്കോൾ കാമ്പയിന്റെ ഭാഗമായി 'പരിസ്ഥിതി സൗഹൃദ ഓണാഘോഷം' എന്ന ആശയത്തിൽ ലോഗോയും ടാഗ് ലൈനും തയ്യാറാക്കുന്നതിനുള്ള മത്സരം ശുചിത്വ മിഷൻ സംഘടിപ്പിക്കും. തിരഞ്ഞെടുക്കപ്പെടുന്ന മികച്ച എൻട്രികൾക്ക് 5000 രൂപയും പ്രശസ്തിപത്രവും സമ്മാനമായി നൽകും. വിശദ വിവരങ്ങൾ ശുചിത്വ മിഷന്റെ വെബ്സൈറ്റിലും സോഷ്യൽ മീഡിയ പേജുകളിലും ലഭ്യമാണ്.

എൻട്രികൾ ജൂലൈ 31 ന് മുൻപ് ഇ-മെയിൽ ചെയ്യണം. വിലാസം: onamdesignsm@gmail.com.

വാർത്താസമ്മേളനത്തിൽ നഗരസഭ ഹെൽത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം ആർ ഗോപൻ, കോർപ്പറേഷൻ സെക്രട്ടറി ജെ മുഹമ്മദ് ഷാഫി, ഹെൽത്ത് ഓഫീസർ ഡോ. ഗോപകുമാർ എന്നിവരും പങ്കെടുത്തു.

# ജന്തർ മന്തർ സമരഭൂമികയല്ല; ഭാരതീയ ജ്യോതിശാസ്ത്ര വിസ്മയങ്ങളുടെ കണക്കുപുസ്തകം, അറിയാം ജന്തർ മന്തറിൻറെ ചരിത്രം

രാജ്യതലസ്ഥാനമായ ഡൽഹിയിൽ സ്ഥിതിചെയ്യുന്ന ജന്തർ മന്തർ സമാനതകളില്ലാത്ത സമരങ്ങളുടെ വേദിയാണ്. സിജെപിയുടെ സമരമാണ് ഏറ്റവും ഒടുവിലായി ആ ഭൂമികയിൽ അരങ്ങേറിയത്. ഇതിനു മുൻപും നിരവധി സമരങ്ങൾ ജന്തർ മന്തറിൽ അരങ്ങേറിയിട്ടുണ്ട്. അണ്ണാ ഹസാരെയുടെ അഴിമതിവിരുദ്ധ സമരം, ലൈംഗികാതിക്രമ പരാതി ഉന്നയിച്ച് വിനേഷ് ഫോഗട്ട്, സാക്ഷി മാലിക്, ബജ്റംഗ് പുനിയ തുടങ്ങിയ ഗുസ്തി താരങ്ങൾ റെസ്ലിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ മുൻ മേധാവിക്കെതിരേ നടത്തിയ സമരം, ഡൽഹി കൂട്ടബലാത്സംഗ കേസിൽ ഇരയ്ക്കു നീതി ആവശ്യപ്പെട്ടും സ്ത്രീ സുരക്ഷ ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടു നടന്ന നിർഭയ കേസ് പ്രക്ഷോഭങ്ങൾ, കർഷക സമരം, വൺ റാങ്ക് വൺ പെൻഷൻ സമരം തുടങ്ങിയ നിരവധി സമരജ്വാലകൾ ഉയർന്നുപൊങ്ങിയ ആ ഭൂമിക, കേവലം സമരം ചെയ്യാനുള്ള ഇടമല്ല. വിജ്ഞാനദാഹിയായ ഒരു രാജാവിൻറെ ശാസ്ത്രീയാന്വേഷണങ്ങളുടെ മഹാകേന്ദ്രങ്ങളിലൊന്നാണ്.

ജന്തർ മന്തർ എന്ന പേരിൻറെ അർഥം

ഇന്ത്യൻ ജ്യോതിശാസ്ത്രമികവിൻറെ പ്രതീകമാണ് ജന്തർ മന്തർ. ചരിത്രവും ജ്യോതിശാസ്ത്രവും വാസ്തുവിദ്യയും സംയോജിക്കുന്ന ഈ കേന്ദ്രത്തിൻറെ പേരിൽത്തന്നെ, നിർമിച്ചതിൻറെ കൃത്യമായ ലക്ഷ്യമുണ്ട്. സംസ്കൃതത്തിൽനിന്നാണ് ‘ജന്തർ മന്തർ’ എന്ന വാക്കിൻറെ ഉത്ഭവം. ‘യന്ത്രം’ (ഉപകരണം) എന്ന വാക്കിൻറെ രൂപഭേദമാണ് ‘ജന്തർ’. ‘മന്ത്രണ്’ (ആലോചിക്കുക) എന്ന വാക്കിൽ നിന്നാണ് ‘മന്തർ’ എന്ന വാക്കു രൂപപ്പെടുന്നത്. ഈ രണ്ടു വാക്കുകളും കൂട്ടി വായിക്കുമ്പോൾ ‘കണക്കുകൂട്ടലുകൾക്കുള്ള ഉപകരണം’ എന്നാണ് ‘ജന്തർ മന്തർ’ എന്ന പേരിൻറെ അർഥം. ആകാശഗോളങ്ങളുടെ ചലനം നിരീക്ഷിക്കാനും, സമയം കൃത്യമായി അളക്കാനും, ഗ്രഹങ്ങളുടെ സ്ഥാനം കണ്ടെത്താനും, ജ്യോതിശാസ്ത്ര വിവരങ്ങൾ ശേഖരിക്കാനും നിർമിച്ച ഈ കേന്ദ്രത്തിന് ഏറ്റവും അനുയോജ്യമായ പേരുതന്നെയാണിത്.

**ജന്തർ മന്തറിൻറെ ശിൽപ്പി**

1724-1730 കാലഘട്ടത്തിൽ ജയ്പുർ മഹാരാജാവായിരുന്ന സവായ് ജയ്സിംഗ് രണ്ടാമനാണ് ഉത്തരേന്ത്യയിലെ വിവിധ നഗരങ്ങളിൽ ജ്യോതിശാസ്ത്ര നിരീക്ഷണകേന്ദ്രങ്ങൾ നിർമിച്ചത്. ഓരോ ജന്തർ മന്തറും പ്രത്യേക ജ്യോതിശാസ്ത്ര കണക്കുകൂട്ടലുകൾക്കായി രൂപകൽപ്പന ചെയ്ത വിവിധ നിർമിതികളുടെ ഒരു കൂട്ടമാണ്. അക്കാലത്ത് ലഭ്യമായിരുന്ന ജ്യോതിശാസ്ത്ര ഉപകരണങ്ങൾ വളരെ ചെറുതും കൃത്യതയില്ലാത്തതുമാണെന്ന് ജയ് സിംഗ് മനസിലാക്കി. ഇതിനു പരിഹാരമായാണ് വലുതും ദൃഢവുമായ ഉപകരണങ്ങൾ അദ്ദേഹം രൂപകൽപ്പന ചെയ്തത്. കല്ലിലും ഇഷ്ടികയിലും തീർത്ത കൂറ്റൻ നിർമിതികൾ തികഞ്ഞ ജ്യാമിതീയ കൃത്യതയോടെയാണ് മഹാരാജാലിൻറെ മേൽനോട്ടത്തിൽ ഒരുക്കിയത്. ശാസ്ത്രീയ ലക്ഷ്യങ്ങൾക്കപ്പുറം വലിയ കലാമൂല്യമുള്ള വാസ്തുവിദ്യ കൂടിയാണ് ഇവയെന്നു ലോകമെമ്പാടുമുള്ള ആർക്കിടെക്റ്റുകളും ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നു.

മഹാരാജാ സവായ് ജയ്സിംഗ് രണ്ടാമൻ അഞ്ച് നഗരങ്ങളിലാണ് ജന്തർ മന്തറുകൾ സ്ഥാപിച്ചത്. ഡൽഹിയിലാണ് അദ്ദേഹം ആദ്യത്തെ ജന്തർ മന്തർ നിർമിച്ചത്. 1724-ൽ ആണ് നിർമാണം പൂർത്തിയായത്. തുടർന്ന്, ജയ്പുർ, ഉജ്ജയ്ൻ, വാരാണസി, മഥുര എന്നിവിടങ്ങളിൽ ജ്യോതിശാസ്ത്ര നിരീക്ഷണകേന്ദ്രങ്ങൾ സ്ഥാപിച്ചു. അഞ്ചു നിരീക്ഷണന്ദ്രങ്ങളിൽ ഏറ്റവും വലുതും വിപുലവുമായത് ജയ്പുരിലെ ജന്തർ മന്തർ ആണ്. യുനസ്കോയുടെ ലോക പൈതൃകപ്പട്ടികയിൽ ഇടം പിടിച്ച ജ്യോതിശാസ്ത്രകേന്ദ്രം കൂടിയാണിത്. മഥുരയിലെ ജന്തർ മന്തറും അതു സ്ഥിതി ചെയ്തിരുന്ന കോട്ടയും 1857-ലെ സ്വാതന്ത്ര്യസമരത്തിനു തൊട്ടുമുമ്പ് തകർക്കപ്പെട്ടു. അടിസ്ഥാന ഉപകരണങ്ങൾ, ഒരേ ജ്യോതിശാസ്ത്രതത്വങ്ങൾ തന്നെയാണ് പിന്തുടരുന്നതെങ്കിലും, വലുപ്പം, ഉപയോഗിച്ച സാമഗ്രികൾ, നിർമാണ രീതി എന്നിവയിൽ ഓരോ നഗരത്തിലെയും ജന്തർ മന്തറുകൾ തമ്മിൽ വ്യത്യാസമുണ്ട്. ഡൽഹിയിലെയും ജയ്പുരിലെയും ജന്തർ മന്തറുകളാണ് ഏറ്റവും പ്രശസ്തവും ആളുകൾ കൂടുതൽ സന്ദർശിക്കുന്നതും. ജയ്പുരിലാണ് ഏറ്റവും കൂടുതൽ ഉപകരണ വൈവിധ്യമുള്ളത്. നിർഭാഗ്യവശാൽ, ഈ കേന്ദ്രങ്ങളിൽനിന്നു കൃത്യമായ ജ്യോതിശാസ്ത്ര നിരീക്ഷണങ്ങൾ ഇപ്പോൾ സാധിക്കില്ല. ജന്തർ മന്തറിനു ചുറ്റും ഉയർന്നുപൊങ്ങിയ കൂറ്റൻ കെട്ടിടങ്ങളാണു തടസം. എങ്കിലും, ഭാരതത്തിൻറെ പഴയകാല ശാസ്ത്രമുന്നേറ്റത്തിൻറെ സ്പന്ദിക്കുന്ന ചരിത്രമുദ്രകളായി ജന്തർ മന്തറുകൾ നിലകൊള്ളുന്നു.



കേരള ഹിന്ദി പ്രചാര സഭ സ്ഥാപകൻ, കെ.വാസുദേവൻ പിള്ളയുടെ പ്രതിമ മുഖ്യമന്ത്രി വി.ഡി. സതീശൻ അനാച്ഛാദനം ചെയ്യുന്നു

# ജയ്സാൽമീറിൽ ജലസംഭരണിയിൽ നാല് പേരുടെ മൃതദേഹം കണ്ടെത്തി; ആത്മഹത്യയെന്ന് സംശയം

ജയ്സാൽമീർ: രാജസ്ഥാനിലെ ജയ്സാൽമീർ ജില്ലയിൽ ഒരു കുടുംബത്തിലെ നാല് പേരെ ജലസംഭരണിയിൽ മരിച്ച നിലയിൽ കണ്ടെത്തി. രാംദേവ്റ പോലീസ് സ്റ്റേഷൻ പരിധിയിലെ ലോഹർകി ഗ്രാമത്തിൽ ആണ് സംഭവം.

ഞായറാഴ്ച രാത്രി വൈകിയാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു. ഞായറാഴ്ച രാത്രി ഒമ്പതോടെയാണ് സംഭവം നടന്നതെന്ന് പോലീസ് അറിയിച്ചു. ജസ്രാജ് സുതാർ (29), ഭാര്യ നിർമ്മ സുതാർ (25), ഇവരുടെ മകൻ ഭരത് (10), മകൾ മനീഷ (5) എന്നിവരാണ് മരിച്ചത്. ഗ്രാമവാസികളുടെ സഹായത്തോടെ പോലീസ് മൃതദേഹങ്ങൾ ടാങ്കിൽ നിന്ന് പുറത്തെടുത്ത് പോസ്റ്റ്മോർട്ടത്തിനായി ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടുകൊടുക്കും. പോസ്റ്റ്മോർട്ടം റിപ്പോർട്ടും അന്വേഷണവും പൂർത്തിയായാൽ മാത്രമേ മരണകാരണം വ്യക്തമാകൂ എന്ന് അധികൃതർ അറിയിച്ചു. ആത്മഹത്യയാണ് എന്നാണ് പോലീസിൻറെ പ്രാഥമിക നിഗമനം. ദമ്പതികൾ തമ്മിൽ കുടുംബവഴക്ക് ഉണ്ടായിരുന്നതായാണ് പ്രാഥമിക അന്വേഷണത്തിൽ സൂചന ലഭിക്കുന്നത്. എന്നാൽ ഔദ്യോഗികമായി ഒരു തീരുമാനത്തിൽ എത്തിയിട്ടില്ലെന്നും എല്ലാ വശങ്ങളും അന്വേഷണ പരിധിയിലാണെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കി. അന്വേഷണം പൂർത്തിയാകുന്നതുവരെ ഊഹാപോഹങ്ങൾ പ്രചരിപ്പിക്കരുതെന്ന് പോലീസ് പൊതുജനങ്ങളോട് അഭ്യർഥിച്ചു.

# വിജയ്യുടെ കർണാടക സന്ദർശനം; തമിഴ്നാട്ടിൽ പ്രതിഷേധം

ചെന്നൈ: കാവേരി നദീജല തർക്കം നിലനിൽക്കുന്നതിനിടെ തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ്യുടെ കർണാടക സന്ദർശനത്തിനെതിരെ തമിഴ്നാട്ടിൽ പ്രതിഷേധം. വിജയ് തെറ്റായ നീക്കത്തിൽ നിന്ന് പിന്മാറണമെന്ന് മുൻമുഖ്യമന്ത്രി എം. കെ. സ്റ്റാലിൻ ആവശ്യപ്പെട്ടു. നേരിട്ടുള്ള ചർച്ചകൾക്ക് പകരം നിയമപോരാട്ടമാണ് ഇതുവരെ തമിഴ്നാട് സ്വീകരിച്ചിരുന്ന നിലപാടെന്നും സ്റ്റാലിൻ വ്യക്തമാക്കി. കർണാടക മുഖ്യമന്ത്രി ഡി. കെ. ശിവകുമാറുമായി ഓഗസ്റ്റ് മൂന്നിനാണ് മുഖ്യമന്ത്രി ജോസഫ് വിജയിയുടെ കൂടിക്കാഴ്ച നിശ്ചയിച്ചിരിക്കുന്നത്. വിഷയം ചർച്ച ചെയ്യാൻ ഉടൻ സർവകക്ഷി യോഗം വിളിക്കണമെന്ന് എഐഎഡിഎംകെ ആവശ്യപ്പെട്ടു.

മുഖ്യമന്ത്രിയുടെ ഈ തലകൂടിക്കഴ്ച തമിഴ്നാടിൻറെ ജലാവകാശത്തിന് വലിയ തിരിച്ചടിയാകുമെന്ന് ഇപിഎസ് ചൂണ്ടിക്കാട്ടി. തമിഴ്നാടിന് അർഹമായ വെള്ളം വിട്ടുനൽകാൻ കർണാടക തയ്യാറാകാത്തതിനും, കാവേരിക്ക് കുറുകെ അണക്കെട്ട് നിർമ്മിക്കാൻ ശ്രമിക്കുന്നതിനും ഇടയിലാണ് വിജയിയുടെ സന്ദർശനം.

# വാക്ക് പാലിച്ചില്ലെങ്കിൽ വീണ്ടും സമരം; മുന്നറിയിപ്പുമായി സിജെപി

ന്യൂഡൽഹി: പരീക്ഷ ക്രമക്കേടിൽ പ്രതിഷധിച്ച വിദ്യാർഥികൾക്കെതിരെ പോലീസ് കേസെടുക്കുന്നതിൽ അതൃപ്തിയുമായി സിജെപി. ആസാം, പശ്ചിമ ബംഗാൾ, ബിഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ കേസെടുത്തതായും സിജെപി വക്താവ് സൗരവ് ദാസ് പ്രസ്താവനയിലൂടെ വ്യക്തമാക്കി.

എൻഡിഎ ഭരണത്തിലുള്ള സംസ്ഥാനങ്ങളിൽ പ്രതിഷേധക്കാർക്കെതിരെ യാതൊരുവിധ ശിക്ഷാനടപടികളും ഉണ്ടാകില്ലെന്ന് കേന്ദ്ര സർക്കാർ മുൻപ് ഉറപ്പ് നൽകിയിരുന്നു. എന്നാൽ നിലവിൽ ചില സംസ്ഥാനങ്ങളിൽ ഈ ഉറപ്പ് പൂർണമായി ലംഘിക്കപ്പെടുന്ന സാഹചര്യമാണുള്ളതെന്ന് പാർട്ടി ആരോപിച്ചു.

പ്രതിഷേധം പിൻവലിക്കുന്നതിൻറെ ഭാഗമായി നേതാക്കളായ ജെ. പി. നഡ്ഡയും ഡോ. ജിതേന്ദ്ര സിംഗും സിജെപി നേതൃത്വത്തിന് നൽകിയ ഉറപ്പുകൾ എത്രയും വേഗം പാലിക്കണം. വിവിധയിടങ്ങളിൽ തടവിലാക്കപ്പെട്ട വിദ്യാർഥികളെ ഉടനടി വിട്ടയക്കണമെന്നും സിജെപി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.

# യുവാവ് കിണറ്റിൽ മരിച്ച നിലയിൽ; അന്വേഷണം തുടങ്ങി പോലീസ്

കൊല്ലം: പൂയപ്പള്ളിയിൽ കാണാതായ യുവാവിനെ വീടിന് സമീപത്തെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തി. കരിങ്ങന്നൂർ സ്വദേശി ഗോപാലകൃഷ്ണൻറെ മകൻ ചന്തുവിനെയാണ് കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. രണ്ട് ദിവസമായി ചന്തുവിനെ കാണാനില്ലായിരുന്നുവെന്ന് കുടുംബാംഗങ്ങൾ പറയുന്നു.

വീട്ടുകാരും നാട്ടുകാരും ചേർന്ന് നടത്തിയ തെരച്ചിലിനിടയിലാണ് തിങ്കളാഴ്ച രാവിലെ ഒമ്പതോടെ ചന്തുവിൻറെ വീടിനു സമീപമുള്ള 'കുന്നിൻമുകൾ'എന്ന പ്രദേശത്തെ ആളൊഴിഞ്ഞ ഒരു വീട്ടിൽ രക്തക്കറ ശ്രദ്ധയിൽ പെട്ടത്. തുടർന്ന് സമീപവാസികൾ നടത്തിയ പരിശോധനയിലാണ് വീടിനോട് ചേർന്നുള്ള കാടുമൂടിയ കിണറ്റിൽ മൃതദേഹം കണ്ടെത്തിയത്. പൂയപ്പള്ളി പോലീസും ഫയർഫോഴ്സും സ്ഥലത്തെത്തിയാണ് മൃതദേഹം കിണറ്റിൽ നിന്ന് പുറത്തെടുത്തത്. ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി പാരിപ്പള്ളി മെഡിക്കൽ കോളജിൽ പോസ്റ്റ്മോർട്ടം നടത്തിയ ശേഷം സംസ്കാരം നടത്തി. സംഭവത്തിൽ പൂയപ്പള്ളി പോലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്ത് വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# ലക്ഷ്മിപ്രിയക്കെതിരായ പരാതി: അൻസിബ നേരിട്ടെത്തി മൊഴി നൽകണം

കൊച്ചി: നടി ലക്ഷ്മിപ്രിയക്കെതിരായ പരാതിയിൽ മൊഴിയെടുക്കാൻ അൻസിബ ഹസൻ നേരിട്ട് ഹാജരാകണമെന്ന് എറണാകുളം മജിസ്ട്രേറ്റ് കോടതിയുടെ നിർദേശം. അടുത്ത മാസം 29ന് ഹാജരാകണമെന്നാണ് അൻസിബയോട് കോടതി നിർദേശിച്ചിട്ടുള്ളത്.

ലക്ഷ്മിപ്രിയ സമൂഹമാധ്യമങ്ങളിലൂടെ അപമാനിച്ചുവെന്ന് പാലാരിവട്ടം പോലീസിൽ നൽകിയ പരാതിയിൽ കേസ് എടുക്കാൻ ആവില്ലെന്ന് ചൂണ്ടിക്കാണിച്ച് പോലീസ് റിപ്പോർട്ട് നൽകിയിരുന്നു. ഇതോടെയാണ് അൻസിബ മജിസ്ട്രേറ്റ് കോടതിയിൽ സ്വകാര്യ അന്യായം ഫയൽ ചെയ്തത്.

അൻസിബയുടെ പരാതി മാനനഷ്ടത്തിന്റെ പരിധിയിൽ വരുന്നതാണെന്നും കേസെടുക്കാൻ ആവില്ലെന്നുമായിരുന്നു പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചത്. എന്നാൽ തൻറെ പരാതി മാനനഷ്ടത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും സ്ത്രീത്വത്തെ അപമാനിച്ചതിന് കേസ് എടുക്കണമെന്നും അൻസിബ കോടതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു.

പരാതി നൽകിയിട്ടും കേസ് എടുക്കാൻ തയാറായില്ലെന്ന് ആരോപിച്ച് പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും അൻസിബ നിയമ പോരാട്ടം തുടങ്ങിയിട്ടുണ്ട്. കൊച്ചി സിറ്റി പൊലീസ് കമ്മിഷണർക്കും പാലാരിവട്ടം എസ്എച്ച്ഒയ്ക്കുമെതിരെയാണ് അൻസിബ എറണാകുളം ജുഡീഷൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയെ സമീപിച്ചത്.

ലക്ഷ്മിപ്രിയ സ്ത്രീത്വത്തെ അപമാനിച്ചെന്നുകാട്ടി പരാതി നൽകിയിട്ടും പോലീസ് ഇടപെട്ടില്ലെന്നാണ് ആരോപണം. ലക്ഷ്മിപ്രിയയ്ക്കും ഒരു യുട്യൂബ് ചാനലിനുമെതിരെ ജൂൺ 26ന് ആണ് അൻസിബ പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയത്. ചാനലിലൂടെ വ്യാജപ്രചാരണങ്ങൾ നടത്തിയെന്നായിരുന്നു ആരോപണം.

# ബിഹാറിൽ പ്രതിഷേധക്കാർക്ക് നേരെ എകെ47 ചൂണ്ടി; പോലീസുകാരന് സസ്പെൻഷൻ

പാറ്റ്ന: ബിഹാറിലെ നീറ്റ് പരീക്ഷയ്ക്കെതിരായ പ്രതിഷേധത്തിൽ വിദ്യാർഥികൾക്ക് നേരെ എകെ 47 തോക്ക് ചൂണ്ടിയ പോലീസുകാരനെ സസ്പെൻഡ് ചെയ്തു. പാറ്റ്നയിലെ സിവാറിൽ നടന്ന പ്രതിഷേധത്തിനിടെയായിരുന്നു സംഭവം. ഐസയുടെ നേതൃത്വത്തിലായിരുന്നു പ്രതിഷേധം. ബിഹാറിലെ പ്രത്യേക അന്വേഷണ സംഘത്തിലെ പോലീസ് ഉദ്യോഗസ്ഥനായ അഭിഷേക് പട്ടേലിനെയാണ് സസ്പെൻഡ് ചെയ്തത്. തോക്ക് ചൂണ്ടുന്ന ദൃശ്യങ്ങൾ അടക്കം പുറത്തു വന്നിട്ടുണ്ട്. ഇയാൾ എകെ47 തോക്ക് ഉപയോഗിച്ച് വെടി ഉതിർക്കുന്നതും പിന്നാലെ വിദ്യാർഥികൾക്ക് നേരെ ആക്രോശിച്ച് പോകുന്നതും ദൃശ്യങ്ങളിൽ വ്യക്തമാണ്. ആദ്യം ആകാശത്തേക്കും പിന്നാലെ പ്രതിഷേധക്കാർക്ക് നേരെയും ആറ് റൗണ്ട് വെടിയുതിർത്തതായാണ് വിവരം. പിന്നാലെ പ്രതിപക്ഷ വിദ്യാർഥി സംഘടനകൾ അടക്കം വലിയ പ്രതിഷേധം ഉയർത്തിയിരുന്നു.

# 'അമ്മ'യിലെ അധികാര തർക്കം: ശ്വേത മേനോന്റെ ഹർജി ഇന്ന് പരിഗണിക്കും

കൊച്ചി: താരസംഘടനയായ 'അമ്മ'യിൽ അധികാര തർക്കവും പരസ്യ പോരും രൂക്ഷം. സംഘടനയുമായി ബന്ധപ്പെട്ട വിവിധ കേസുകൾ ഇന്ന് കോടതി പരിഗണിക്കും. അഡ്ഹോക് കമ്മിറ്റിക്ക് നിയമസാധുതയില്ലെന്ന് ചൂണ്ടിക്കാട്ടി പ്രസിഡന്റ് ശ്വേത മേനോൻ എറണാകുളം മുൻസിഫ് കോടതിയിൽ നൽകിയ ഹർജി പരിഗണിക്കും. കമ്മിറ്റിയുടെ പ്രവർത്തനം നിർത്തി വയ്ക്കണമെന്ന കോടതി വിധിയിൽ കമ്മിറ്റി കൺവീനർ ആയിരുന്ന രമേഷ് പിഷാരടിയുടെ വാദവും കേസിൽ കക്ഷി ചേരണമെന്ന് ആവശ്യപ്പെട്ട് അൻസിബ നൽകിയ അപേക്ഷയും കോടതി പരിഗണിക്കും. അൻസിബയെ കക്ഷി ചേർക്കരുത് എന്നാണ് ശ്വേതയുടെ നിലപാട്. ലക്ഷ്മിപ്രിയക്കും ഓൺലൈൻ ചാനലിനും ശ്വേത മേനോനുമെതിരെ അൻസിബ പാലാരിവട്ടം പോലീസിൽ നൽകിയ പരാതിയും കോടതി ഇന്ന് പരിഗണിക്കും.

സ്ത്രീത്വത്തെ അപമാനിച്ചുവെന്ന അൻസിബയുടെ പരാതിയിൽ കേസെടുക്കാനാവില്ലെന്ന പോലീസ് നടപടിക്കെതിരെയു അൻസിബ പരാതി നൽകിയിരുന്നു. സിറ്റി പോലീസ് കമ്മിഷണർക്കും പാലാരിവട്ടം എസ്എച്ച്ഒക്കുമെതിരെയാണ് പരാതി നൽകിയത്. ഇതിനിടെ സംഘടനയിൽ രജിസ്ട്രാർ ഭരണം വേണമെന്ന് ആവശ്യപ്പെട്ട് ഒരു വിഭാഗം നടിമാർ സഹകരണ സൊസൈറ്റി രജിസ്ട്രാർക്ക് കത്തയച്ചു. രാജി പ്രഖ്യാപിച്ച് ഇറങ്ങിപ്പോയ ശ്വേത മേനോന് ഭരിക്കാൻ അവകാശമില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് സുപ്രധാന നീക്കം. അൻസിബ, മാല പാർവതി, പൊന്നമ്മ ബാബു, ഉഷ ഹസീന എന്നിവർ ചേർന്നാണ് രജിസ്ട്രാർക്ക് കത്തയച്ചത്. രാജി വെച്ചു പോയവർ ചെക്ക് ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട്. ആറു കോടി രൂപ ബാലൻസ് ഉള്ള അസോസിയേഷന്റെ ചെക്ക് ലീഫുകൾ നിയമവിരുദ്ധമായി ഉപയോഗിക്കാൻ സാധ്യതയുണ്ടെന്നും ഉത്തരവാദികൾക്കെതിരെ നിയമപരമായ നടപടിക്രമങ്ങൾ സ്വീകരിക്കണമെന്നുമാണ് കത്തിൽ ആവശ്യപ്പെടുന്നത്. രാജി വെച്ചു പോയവർ തിരികെ വന്നത് അമ്മയുടെ ബൈലോക്ക് വിരുദ്ധമാണെന്നും കത്തിൽ പറയുന്നുണ്ട്.

# ഉത്തർപ്രദേശ് എക്സ്പ്രസ്‌വേയിൽ വിള്ളൽ; ഉദ്ഘാടനം കഴിഞ്ഞ് 12 ദിവസത്തിനുള്ളിൽ റോഡ് തകർന്നു

ലക്നോ: ഉത്തർപ്രദേശിലെ ഉന്നാവോയിൽ ഉദ്ഘാടനം കഴിഞ്ഞ് 12 ദിവസത്തിനുള്ളിൽ ഹൈവേ തകർന്നു. ലക്നോ-കാൺപൂർ ഗ്രീൻഫീൽഡ് നാഷണൽ എലിവേറ്റഡ് എക്സ്പ്രസ്‌വേയുടെ ഒരു ഭാഗമാണ് തകർന്നത്. കനത്ത മഴയെ തുടർന്നാണ് റോഡ് തകർന്നതെന്നാണ് അധികൃതർ അറിയിച്ചിരിക്കുന്നത്.

മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്, കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി എന്നിവർ ചേർന്ന് ജൂലൈ 13 -നാണ് ഉദ്ഘാടനം ചെയ്തത്. എന്നാൽ ജൂലൈ 25 -ന് റോഡിൻറെ ഒരു വലിയ ഭാഗം തകർന്നുപോവുകയായിരുന്നു. 4,200 കോടി രൂപ ചെലവിലായിരുന്നു നിർമാണം.

കോരാരി ഗ്രാമത്തിന് സമീപം റോഡിൻറെ അഞ്ച് മുതൽ ഏഴ് മീറ്റർ വരെ നീളത്തിലുള്ള ഭാഗം താഴ്ന്നു പോയതായി കാണിച്ച് സമാജ്വാദി പാർട്ടി നേതാവ് മധുസൂദന യാദവ് എക്സ്പ്രസ്‌വേയിൽ നിന്നുള്ള ഒരു വീഡിയോ പങ്കുവച്ചിരുന്നു. ഈ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചതോടെ അറ്റകുറ്റപ്പണികൾ ആരംഭിച്ചു.

# വെള്ളത്തിൽ വീണ സുഹൃത്തിനെ രക്ഷിക്കുന്നതിനിടെ മൂന്ന് പേർ മുങ്ങി മരിച്ചു

ഹൈദരാബാദ്: തെലുങ്കാനയിലെ നിസാമാബാദ് ജില്ലയിൽ ഡാമിൽ വീണ സുഹൃത്തിനെ രക്ഷിക്കുത്തിനിടെ മൂന്ന് പേർ മുങ്ങി മരിച്ചു, ഒരാളെ കാണാതായി. ഓട്ടോനഗർ സ്വദേശികളായ കലീം (24), നജുവത്ത് (24), അസീം (24) എന്നിവരാണ് മരിച്ചത്. നാന്ദേഡ് സ്വദേശി അർഹാനെ (17) ആണ് കാണാതായത്.

വെള്ളത്തിൽ വീണ അർഹാനെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ ബാക്കി മൂന്ന് പേരും ഒഴുക്കിൽപ്പെടുകയായിരുന്നു. വിവരമറിഞ്ഞയുടൻ തന്നെ പോലീസ് സ്ഥലത്തെത്തി രക്ഷാപ്രവർത്തനം നടത്തി. കലീം, നജുവത്ത്, അസീം എന്നിവരുടെ മൃതദേഹങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അർഹാനായുള്ള തിരച്ചിൽ തുടരുകയാണ്. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി.

# പെല്ലറ്റ് ഗൺ പ്രയോഗം: പോലീസിന് തോന്നിയതുപോലെ പെരുമാറാനാകില്ല; ആഞ്ഞടിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: നീറ്റ് ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് സിജെപിയുടെ പാർലമെൻറ് മാർച്ചിനു നേരെ പെല്ലറ്റ് ഗൺ പ്രയോഗിച്ച സംഭവത്തിൽ പോലീസിനെ വിമർശിച്ച് സുപ്രീംകോടതി. പ്രതിഷേധത്തിൻറെ പേരിൽ പോലീസിന് അമിത അധികാരം പ്രയോഗിക്കാൻ കഴിയില്ലെന്ന് ചീഫ് ജസ്റ്റീസ് സൂര്യകാന്ത് വ്യക്തമാക്കി.പോലീസിനും കേന്ദ്ര സേനകൾക്കുമെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജികൾ പരിഗണിക്കവെയായിരുന്നു കോടതിയുടെ കടുത്ത താക്കീത്. കേസിൽ വിശദമായ വാദം ചൊവ്വാഴ്ച കേൾക്കുമെന്ന് കോടതി അറിയിച്ചു. അതിനിടെ സമരക്കാർക്ക് നേരെ ഏഴ് റൗണ്ട് പെല്ലറ്റ് ഗൺ ഉപയോഗിച്ചത് ഒരു ജവാനാണെന്ന് സിആർപിഎഫിൻറെ ആഭ്യന്തര അന്വേഷണത്തിൽ കണ്ടെത്തി. പ്രതിഷേധത്തിനു നേരെ പെല്ലറ്റ് ഗണ്ണോ ഇലക്ട്രിക് ഷോക്കോ പ്രയോഗിക്കേണ്ട യാതൊരു സാഹചര്യവുമുണ്ടായിരുന്നില്ല. മാർച്ച് നേരിട്ടതിൽ അടിമുടി ഗുരുതര വീഴ്ചയാണ് സംഭവിച്ചതെന്നും ആർഎഎഫിൻറെ ആഭ്യന്തര റിപ്പോർട്ടിൽ പറയുന്നു. മാർച്ച് നിയന്ത്രിക്കാൻ വിന്യസിച്ച ഉദ്യോഗസ്ഥർക്ക് മതിയായ നിർദേശങ്ങൾ നൽകുന്നതിൽ വീഴ്ചപറ്റി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വംശനാശ ഭീഷണി നേരിടുന്ന സ്രാവിനങ്ങളെ തിരിച്ചറിയാൻ 'ഷാർക് അവെയർ' ആപ്പ്

### സിഎംഎഫ്ആർഐ വികസിപ്പിച്ച മൊബൈൽ ആപ്പും ഇ–ലേണിംഗ് മൊഡ്യൂളും ഫിഷറീസ് മന്ത്രി വി ഇ അബ്ദുൽ ഗഫൂർ പ്രകാശനം ചെയ്തു



സിഎംഎഫ്ആർഐ വികസിപ്പിച്ച 'ഷാർക് അവെയർ' മൊബൈൽ ആപ്പും ഇന്ററാക്ടീവ് ഇ-ലേണിംഗ് മൊഡ്യൂളും ഫിഷറീസ് മന്ത്രി ഇ വി അബ്ദുൽ ഗഫൂർ പുറത്തിറക്കുന്നു.

കൊച്ചി: സംരക്ഷിത പട്ടികയിലുള്ള സ്രാവ്, തിരണ്ടിയിനങ്ങളെ കുറിച്ച് പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വികസിപ്പിച്ച 'ഷാർക് അവെയർ' മൊബൈൽ ആപ്പും ഇന്ററാക്ടീവ് ഇ-ലേണിംഗ് മൊഡ്യൂളും ഫിഷറീസ് മന്ത്രി വി ഇ അബ്ദുൽ ഗഫൂർ പ്രകാശനം ചെയ്തു. വന്യജീവി സംരക്ഷണ നിയമപ്രകാരം സംരക്ഷിത പട്ടികയിലുള്ള സ്രാവിനങ്ങളെ തിരിച്ചറിയാനും അവയുടെ ശാസ്ത്രീയ നിയമവശങ്ങളെ കുറിച്ച് മനസ്സിലാക്കാനും സഹായിക്കുന്നതാണ് 'ഷാർക്ക് അവെയർ' ആപ്പ്. പിടിക്കപ്പെടുന്ന സ്രാവുകൾ വന്യജീവി സംരക്ഷണ നിയമപ്രകാരം സംരക്ഷിക്കപ്പെട്ട വയാണോ എന്ന് ആപ്പിലൂടെ എളുപ്പത്തിൽ തിരിച്ചറിയാം. 2022ൽ ഭേദഗതി ചെയ്ത വന്യജീവി സംരക്ഷണ നിയമത്തിലെ വിവിധ പട്ടികകളിൽ ഉൾപ്പെട്ട സ്രാവുകളുടെ വിവരങ്ങളും ഇവയുടെ രാജ്യാന്തര വ്യാപാര നിയന്ത്രണങ്ങളും ആപ്പിലുണ്ടാകും മത്സ്യത്തൊഴിലാളികൾക്കും ഫിഷറീസ് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതാണ് ഈ ആപ്പ്. ഉടനെ തന്നെ ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാകും. സ്രാവുകളെയും കടൽ പരിസ്ഥിതിയെയും കുറിച്ച് കൂടുതൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്കായി ഒരുക്കിയ ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് ഇ-ലേണിങ് മൊഡ്യൂൾ. ലളിതമായ ഭാഷയിലുള്ള പാഠങ്ങൾക്കൊപ്പം സ്വയം അറിവ് പരിശോധിക്കാൻ പ്രശ്നോത്തരി, തത്സമയ വിലയിരുത്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ലക്ഷ്യമിട്ട്, ലളിതവും ആകർഷകവുമായ രീതിയിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. വന്യജീവി സംരക്ഷണ നിയമം, വംശനാശഭീഷണി നേരിടുന്ന ജീവികളുടെ അന്താരാഷ്ട്ര കരാർ (സൈറ്റസ്), ജീവികളെ തിരിച്ചറിയാനുള്ള മാർഗം തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ (എൻ എഫ് ഡി ബി) സാമ്പത്തിക സഹായത്തോടെ സിഎംഎഫ്ആർഐയിൽ ഫിൻഫിഷ് ഫിഷറീസ് ഡിവിഷനിലെ സീനിയർ സയന്റിസ്റ്റ് ഡോ ലിവി വിൽസന്റെ നേതൃത്തിലാണ് ആപ്പും ഇ-ലേണിംഗ് മൊഡ്യൂളും വികസിപ്പിച്ചത്. പ്രകാശന ചടങ്ങിൽ ഫിഷറീസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബി അബ്ദുൽ നാസർ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, ഫിഷറീസ് ഡയറക്ടർ ചെൽസാസിനി വി, ഡോ ശോഭ ജോ കിഴക്കൂടൻ തുടങ്ങിയവർ സംബന്ധിച്ചു.

## ഫ്ലെക്സിൽ പാറ്റ; വിസിയും യൂണിയൻ ഭാരവാഹികളും നേർക്കുനേർ

കോട്ടയം: എംജി സർവകലാശാല ക്യാമ്പസിലെ ഫ്ലെക്സ് ബോർഡിനെച്ചൊല്ലി വൈസ് ചാൻസലറും സർവകലാശാല യൂണിയൻ ഭാരവാഹികളും തമ്മിൽ തർക്കം. യൂണിവേഴ്സിറ്റി യൂണിയൻ നടത്തുന്ന നാഷണൽ കോൺഫറൻസിൻറെ പ്രചാരണാർത്ഥം സ്ഥാപിച്ച ഫ്ലെക്സിൽ പാറ്റയുടെ ചിത്രം ഉൾപ്പെടുത്തിയതാണ് വിവാദങ്ങൾക്ക് തിരികൊളുത്തിയത്.

സർവകലാശാല ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പരിപാടിയിൽ രാഷ്ട്രീയം പാടില്ലെന്ന് വ്യക്തമാക്കിയ വിസി ഫ്ലെക്സ് ബോർഡ് അടിയന്തരമായി നീക്കം ചെയ്യാൻ ആവശ്യപ്പെട്ടു. എന്നാൽ ഡൽഹി സമരത്തോടുള്ള ഐക്യദാർഢ്യമാണ് ഫ്ലെക്സ് ബോർഡിലുള്ളതെന്ന് യൂണിയൻ നേതൃത്വം വ്യക്തമാക്കി.

വിസിയുടെ ഉത്തരവ് തള്ളിയ വിദ്യാർത്ഥികൾ, ക്യാമ്പസിൽ കൂടുതൽ ഫ്ലെക്സ് ബോർഡുകൾ സ്ഥാപിച്ച് ശക്തമായ പ്രതിഷേധത്തിന് ഒരുങ്ങുകയാണ്. ഇതിനിടെ വിസിക്കെതിരെ സർവകലാശാല യൂണിയൻറെ നേതൃത്വത്തിൽ ക്യാമ്പസിൽ പ്രതിഷേധ പ്രകടനവും നടത്തി.

## രണ്ടും കൽപ്പിച്ച് കേരളം; ജലജ് സക്സേനയും ആദിത്യ സർവതെയും തിരിച്ചെത്തുന്നു

തിരുവനന്തപുരം: രഞ്ജിട്രോഫി ക്രിക്കറ്റിൽ കിരീടം ലക്ഷ്യമിട്ട് കേരളാ ടീമിൽ അഴിച്ചുപണി. സൂപ്പർ താരങ്ങളായ ജലജ് സക്സേനയും ആദിത്യ സർവതെയും വീണ്ടും ടീമിലെത്തുമെന്ന് റിപ്പോർട്ടുകളുണ്ട്. 2024–25 സീസണിൽ കേരളത്തെ ഫൈനലിലെത്തിക്കുന്നതിൽ നിർണായക പങ്ക് വഹിച്ച ഇരുവരും വ്യക്തിപരമായ കാരണങ്ങളാൽ കഴിഞ്ഞ വർഷം ടീം വിട്ടുപോയിരുന്നു.

കഴിഞ്ഞ സീസണിൽ ജലജ് സക്സേന മഹാരാഷ്ട്രയ്ക്കും ആദിത്യ സർവതെ ഛത്തീസ്ഗഢിനുമാണ് കളിച്ചിരുന്നത്. എന്നാൽ ഈ സീസണിൽ വീണ്ടും കേരളത്തിനായി പാഡണിയാൻ ഇരുവരും സന്നദ്ധത അറിയിക്കുകയായിരുന്നു. അതേസമയം പുതിയ സീസണിൽ കേരള സീനിയർ ടീമിനെ വിഷ്ണു വിനോദ് നയിക്കാനാണ് സാധ്യത. കഴിഞ്ഞ രഞ്ജി സീസണിൻറെ അവസാന മത്സരങ്ങളിലും വിഷ്ണു തന്നെയായിരുന്നു ടീമിനെ നയിച്ചത്. സഞ്ജു സാംസൺ ലഭ്യമാകുന്ന മത്സരങ്ങളിലെല്ലാം കേരളത്തിനായി കളത്തിലിറങ്ങും. കേരളത്തെ ആദ്യമായി രഞ്ജി ട്രോഫി സെമിഫൈനലിലും ഫൈനലിലും നയിച്ച മുൻ ക്യാപ്റ്റൻ സച്ചിൻ ബേബി ഉൾപ്പെടെയുള്ള മറ്റ് പ്രധാന സീനിയർ താരങ്ങളും ടീമിൽ അണിനിരക്കും.

## വെള്ളി നേട്ടത്തിൽ തിളങ്ങി രാജ മുത്തുപാണ്ടി; 30 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചു

ചെന്നൈ: കോമൺവെൽത്ത് ഗെയിംസിലെ വെയ്റ്റ്ലിഫ്റ്റിംഗിൽ പുരുഷന്മാരുടെ 65 കിലോഗ്രാം വിഭാഗത്തിൽ വെള്ളി മെഡൽ നേടിയ രാജ മുത്തുപാണ്ടിക്ക് തമിഴ്നാട് സർക്കാർ 30 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചു. മുഖ്യമന്ത്രി സി. ജോസഫ് വിജയ്യാണ് ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്.

മികച്ച പ്രകടനത്തിലൂടെ രാജ്യത്തിൻറെ അഭിമാനം ഉയർത്തിയ താരത്തെ മുഖ്യമന്ത്രി അഭിനന്ദിച്ചു. തൂത്തുക്കുടി ജില്ലാ സ്വദേശിയായ രാജ മുത്തുപാണ്ടി മികച്ച പോരാട്ടവീര്യം കാഴ്ചവച്ചാണ് മെഡൽ സ്വന്തമാക്കിയത്. സ്നാച്ച് ഇനത്തിൽ ആദ്യ ശ്രമത്തിൽ 126 കിലോഗ്രാം ഉയർത്തുന്നതിൽ പരാജയപ്പെട്ടെങ്കിലും, രണ്ടാം ശ്രമത്തിൽ അത് വിജയകരമായി മറികടന്നു.

പിന്നീട് 129 കിലോഗ്രാമിനായുള്ള അവസാന ശ്രമം പരാജയപ്പെട്ടതോടെ സ്നാച്ചിലെ മികച്ച പ്രകടനം 126 കിലോഗ്രാമായി നിന്നു. തുടർന്ന് ക്ലീൻ ആൻഡ് ജെർക്ക് വിഭാഗത്തിൽ 158 കിലോഗ്രാമിൻറെ ആദ്യ ശ്രമം പിഴച്ചെങ്കിലും രണ്ടാം ശ്രമത്തിൽ 160 കിലോഗ്രാം വിജയകരമായി ഉയർത്തി താരം തിരിച്ചുവന്നു. ഇതോടെ ആകെ 286 കിലോഗ്രാം ഭാരം കണ്ടെത്തിയാണ് താരം വെള്ളി മെഡൽ ഉറപ്പിച്ചത്. തമിഴ്നാടിനും രാജ്യത്തിനും അഭിമാനകരമായ ഈ നേട്ടം കൈവരിച്ച താരത്തെ മുഖ്യമന്ത്രി സാമൂഹിക മാധ്യമങ്ങളിലൂടെ അഭിനന്ദിച്ചു. കായികരംഗത്ത് യുവജനങ്ങൾ കൂടുതൽ മികവ് പുലർത്താൻ ഈ വിജയം പ്രചോദനമാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

## ഫിഫ ലോകകപ്പ് ഫൈനൽ നിയന്ത്രിച്ച റഫറി സ്ലാവ്കോ വിൻസിച്ച് വിരമിച്ചു

ലണ്ടൻ: സ്പെയിനും അർജൻറീനയും തമ്മിലേറ്റുമുട്ടിയ ഫിഫ ലോകകപ്പ് ഫൈനൽ മത്സരം നിയന്ത്രിച്ച സ്ലോവേനിയൻ റഫറി സ്ലാവ്കോ വിൻസിച്ച് അന്താരാഷ്ട്ര റഫറിയിംഗിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ചു. ലോകകപ്പ് ഫൈനൽ പോരാട്ടമാണ് അദ്ദേഹത്തിൻറെ കരിയറിലെ അവസാനത്തെ മത്സരം.

വിരമിക്കൽ വേളയിൽ മികച്ച അംഗീകാരങ്ങളാണ് അദ്ദേഹത്തെ തേടിയെത്തിയത്. ഇൻറർനാഷണൽ ഫെഡറേഷൻ ഓഫ് ഫുട്ബോൾ ഹിസ്റ്ററി ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് അദ്ദേഹത്തെ ലോകകപ്പിലെ മികച്ച റഫറിയായി തെരഞ്ഞെടുത്തിരുന്നു. ഇതിന് പുറമെ കായിക ലോകത്തെ പ്രശസ്തമായ ഗ്യൂലിയോ കാമ്പനാറ്റി പുരസ്കാരവും വിൻസിച്ചിന് ലഭിച്ചു.

46-കാരനായ വിൻസിച്ച് 2022 ലെ ഖത്തർ ലോകകപ്പിലൂടെയാണ് സീനിയർ ഫിഫ ലോകകപ്പിൽ അരങ്ങേറ്റം കുറിച്ചത്. അർജൻറീനയെ സൗദി അറേബ്യ അട്ടിമറിച്ച മത്സരം ഉൾപ്പെടെ അദ്ദേഹം നിയന്ത്രിച്ചിട്ടുണ്ട്. ചാമ്പ്യൻസ് ലീഗ്, യുവേഫ യൂറോപ്യൻ ചാമ്പ്യൻഷിപ്പ്, ലോകകപ്പ് യോഗ്യതാ മത്സരങ്ങൾ, യുവേഫ യൂറോപ്യൻ ലീഗ്, യുവേഫ നേഷൻസ് ലീഗ്, ഫിഫ ക്ലബ് ലോകകപ്പ് തുടങ്ങിയ മുൻനിര ടൂർണമെൻറുകളും അദ്ദേഹം നിയന്ത്രിച്ചിട്ടുണ്ട്.

2017-ൽ ഇന്ത്യയിൽ നടന്ന ഫിഫ അണ്ടർ-17 ലോകകപ്പ്, പോളണ്ടിൽ നടന്ന യുവേഫ അണ്ടർ-21 യൂറോപ്യൻ ചാമ്പ്യൻഷിപ്പ്, 2019-ലെ ഫിഫ അണ്ടർ-20 ലോകകപ്പ് എന്നിവയിലും അദ്ദേഹം റഫറിയായി പ്രവർത്തിച്ചിരുന്നു.

ഫുട്ബോൾ ലോകത്തെ ഏറ്റവും മികച്ച റഫറിമാരുടെ നിരയിൽ തൻറേതായ വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ടാണ് സ്ലാവ്കോ വിൻസിച്ച് കളിക്കളത്തോട് വിടപറയുന്നത്.

## ശബരിമല തന്ത്രി നിയമനം: ഹൈക്കോടതി ഇന്ന് പരിശോധിക്കും

കൊച്ചി: ശബരിമല തന്ത്രിയായി കണ്ഠരര് രാജീവരുടെ മകൻ ബ്രഹ്മദത്തനെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട ദേവസ്വം ബോർഡിൻറെ തീരുമാനം ഇന്ന് ഹൈക്കോടതി പരിഗണിക്കും. വരാനിരിക്കുന്ന ചിങ്ങ മാസം മുതൽ ശബരിമല തന്ത്രിയായി തൻറെ മകൻ ബ്രഹ്മദത്തനെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് രാജീവര് നൽകിയ കത്തിനെ തുടർന്ന് ദേവസ്വം ബോർഡ് ഹൈക്കോടതിയുടെ നിലപാട് തേടിയിരുന്നു. ഇക്കാര്യത്തിൽ ദേവസ്വം ബോർഡിന് തീരുമാനമെടുക്കാം എന്നായിരുന്നു ഹൈക്കോടതി ദേവസ്വം ബെഞ്ചിൻറെ നിർദേശം. തുടർന്ന് ചേർന്ന യോഗത്തിൽ ബ്രഹ്മദത്തനെ തന്ത്രിയായി തെരഞ്ഞെടുക്കുകയായിരുന്നു. ആരോഗ്യപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി സ്ഥാനത്ത് നിന്ന് മാറ്റണമെന്ന് ആവശ്യപ്പെട്ടായിരുന്നു കണ്ഠരര് രാജീവരര് ദേവസ്വം ബോർഡിന് കത്ത് നൽകിയിരുന്നത്. ശബരിമല സ്വർണക്കൊള്ള കേസിൽ ഉൾപ്പെട്ട പശ്ചാത്തലത്തിൽ കൂടിയാണ് പുതിയ തീരുമാനം.

## തൃക്കാക്കരയിലെ ക്രൂരമർദനം: ഇടിവള പ്രയോഗത്തിൽ യുവാക്കൾക്ക് ഗുരുതര പരിക്ക്, പ്രതികൾ പിടിയിൽ

കൊച്ചി: തൃക്കാക്കരയിൽ യുവാക്കളെ ക്രൂരമായി മർദിച്ച കേസിലെ പ്രതികളെ പിടികൂടി. കളമശേരി സ്വദേശി ഷെഫിൻ, പൂക്കാട്ടുപടി സ്വദേശി ഫഹദ്, കോഴിക്കോട് സ്വദേശി ബെന്നി എന്നിവരാണ് കോഴിക്കോട് നിന്നും പിടിയിലായത്. പ്രതികളെ തൃക്കാക്കര സ്റ്റേനിൽ എത്തിച്ചു.

കാറിന് വഴി നൽകിയില്ലെന്ന് ആരോപിച്ചാണ് യുവാക്കളെ പ്രതികൾ ക്രൂരമായി മർദിച്ചത്. ഞായറാഴ്ച പുലർച്ചെ രണ്ടോടെ എൻജിഒ ക്വാർട്ടേഴ്സ് ജംഗ്ഷനിലെ റൗണ്ട് എബൗട്ടിന് സമീപമായിരുന്നു സംഭവം. ഇടിവള ഉപയോഗിച്ചും മറ്റുമുള്ള ആക്രമണത്തിൽ കാക്കനാട് പടമുകൾ സ്വദേശി മുഹമ്മദ് ഷാഫി, വാഴക്കാല സ്വദേശികളായ പ്രവീൺ, നിസാം എന്നിവർക്കാണ് ഗുരുതരമായി പരിക്കേറ്റത്.

ഗുരുതരമായി പരിക്കേറ്റ ഒരാളെ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലും മറ്റു രണ്ടു പേരെ കളമശേരി മെഡിക്കൽ കോളജിലും പ്രവേശിപ്പിച്ചു. കാറിലുണ്ടായിരുന്ന മൂന്നംഗ സംഘം, യുവാക്കളെ തടഞ്ഞു നിർത്തി കൊലവിളി നടത്തുകയായിരുന്നു.

അക്രമികളിലൊരാൾ കൈയിൽ കരുതിയിരുന്ന ഇടിവള ഉപയോഗിച്ച് യുവാക്കളെ മുഖത്ത് തുടരെത്തുടരെ ഇടിക്കുകയും തുടർന്ന് മറ്റു പ്രതികൾ ചേർന്ന് ക്രൂരമായി ചവിട്ടുകയും മർദിക്കുകയുമായിരുന്നു. ഇടിവള പ്രയോഗത്തിൽ മുഹമ്മദ് ഷാഫിയുടെ താടിയെല്ല് തകരുകയും മുൻവരിയിലെ നാല് പല്ലുകൾ ഇളകിപ്പോവുകയും ചെയ്തു.

നെറ്റിയിലും ആഴത്തിൽ മുറിവേറ്റിട്ടുണ്ട്. പ്രവീണിൻറെ തലയോട്ടിക്ക് പൊട്ടലും തലച്ചോറിൽ ആന്തരിക രക്തസ്രാവവുമുണ്ട്. നിസാമിൻറെ മൂക്കിനും ചുണ്ടിനും സാരമായി പരിക്കേറ്റിട്ടുണ്ട്. പ്ലാസ്റ്റിക് സർജറി നടത്താനായി നിസാമിനെ മറ്റൊരു ആശുപത്രിയിലേക്ക് മാറ്റിയിട്ടുണ്ട്.

## നിതിൻ രാജിൻറെ മരണം; ഡോ. എം. കെ. റാമിനെ കസ്റ്റഡിയിൽ വിട്ടു

കണ്ണൂർ: നിതിൻ രാജിൻറെ മരണവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ ഡോ. എം. കെ. റാമിനെ കസ്റ്റഡിയിൽ വിട്ടു. അഞ്ച് ദിവസത്തേക്കാണ് തലശേരി സെഷൻസ് കോടതി പ്രതിയെ അന്വേഷണ സംഘത്തിൻറെ കസ്റ്റഡിയിൽ വിട്ടത്. പുതുതായി രൂപീകരിച്ച ക്രൈംബ്രാഞ്ച് സംഘം കേസിൻറെ അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.

ഓഗസ്റ്റ് ഒന്നിന് പ്രതിയെ വീണ്ടും കോടതിയിൽ ഹാജരാക്കും. അതേസമയം ഡെൻറൽ കോളജ് ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ റാമിനെ നേരിട്ടെത്തിച്ച് തെളിവെടുപ്പ് നടത്താനാണ് അന്വേഷണ സംഘത്തിൻറെ തീരുമാനം. കസ്റ്റഡിയിലെടുത്ത പ്രതിയെ സംഘം വിശദമായി ചോദ്യം ചെയ്തു വരികയാണ്.പ്രതിയെ അറസ്റ്റ് ചെയ്ത നടപടിയിലെ ഗുരുതരമായ വീഴ്ചകളിൽ പോലീസിനെയും സർക്കാരിനെയും ഹൈക്കോടതി രൂക്ഷമായി വിമർശിച്ചിരുന്നു. പ്രതിയെ രക്ഷിക്കാൻ ഉന്നത പോലീസ് ഉദ്യോഗസ്ഥർ ബോധപൂർവം ഇടപെട്ടുവെന്ന് നിരീക്ഷിച്ച കോടതി അറസ്റ്റിനുള്ള അടിസ്ഥാന നിയമപരമായ കാര്യങ്ങൾ പോലും പാലിച്ചില്ലെന്നും കുറ്റപ്പെടുത്തിയിരുന്നു.

## ആകാശത്ത് ആശങ്ക; ഇൻഡിഗോ വിമാനം അടിയന്തരമായി താഴെയിറക്കി

രാജ്കോട്ട്: മുംബൈയിൽ നിന്ന് ദുബായിലേക്ക് പുറപ്പെട്ട ഇൻഡിഗോ വിമാനം രാജ്കോട്ടിൽ അടിയന്തരമായി ഇറക്കി. കാർഗോ ഹോൾഡിൽ പുക കണ്ടെത്തിയതിനെ തുടർന്ന് വിമാനം അടിയന്തരമായി താഴെയിറക്കുകയായിരുന്നു. 6ഇ 1452 നമ്പർ വിമാനത്തിലാണ് സാങ്കേതിക തകരാർ കണ്ടെത്തിയത്. വിമാനത്തിലുണ്ടായിരുന്ന 194 യാത്രക്കാരും സുരക്ഷിതരാണെന്ന് അധികൃതർ അറിയിച്ചു. ലാൻഡിംഗിനുശേഷം എല്ലാവരെയും സുരക്ഷിതമായി പുറത്തിറക്കി. യാത്രക്കാരെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിനുള്ള ബദൽ സംവിധാനങ്ങൾ ഒരുക്കുമെന്ന് അധികൃതർ പറഞ്ഞു.

## സംസ്ഥാനത്ത് ഓണക്കിറ്റ് വിതരണം ആഗസ്റ്റ് പത്ത് മുതൽ; 16 ഇന സാധനങ്ങൾ നൽകുമെന്ന് മന്ത്രി അനൂപ് ജേക്കബ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഈ വർഷത്തെ ഓണക്കിറ്റ് വിതരണം ഓഗസ്റ്റ് പത്ത് മുതൽ ആരംഭിക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ്. തുണിസഞ്ചി ഉൾപ്പെടെ 16 ഇനം സാധനങ്ങളാണ് ഇത്തവണ ഓണക്കിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും മന്ത്രി അറിയിച്ചു.

ഒരു കിറ്റിന് 854 രൂപ നിരക്കിലാണ് വിതരണം ചെയ്യുക. മഞ്ഞ കാർഡ് ഉടമകൾക്കാണ് ഓണക്കിറ്റ് ലഭിക്കുക. ഓഗസ്റ്റ് എട്ട് മുതൽ സംസ്ഥാനത്ത് ഓണം ട്രേഡ് ഫെയറുകൾക്ക് തുടക്കമാകും.

ജില്ലകളിൽ ഓഗസ്റ്റ് 12 മുതലും, നിയോജകമണ്ഡലങ്ങളിൽ അവസാന ആഴ്ചകളിലും പ്രത്യേക ഓണം ഫെയറുകൾ സംഘടിപ്പിക്കും. വിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്താൻ പുതിയ മാർക്കറ്റ് സ്ട്രാറ്റജി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ട്. 13 ഇനം സബ്സിഡി സാധനങ്ങളുടെ ലഭ്യതയും സർക്കാർ ഉടൻ ഉറപ്പാക്കും. അരി വിലക്കയറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സർക്കാർ ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

നെൽക്കർഷകർക്ക് നൽകാനുള്ള കുടിശിക തുക ഓണത്തിന് മുന്പായി വിതരണം ചെയ്യും. കേന്ദ്ര സർക്കാർ മണ്ണെണ്ണ അലോട്ട്മെൻറ് വെട്ടിക്കുറയ്ക്കുകയാണെന്നും മന്ത്രി കുറ്റപ്പെടുത്തി.

## രാജിക്ക് പിന്നാലെ ഊഷ്മള സ്വീകരണം; ധർമ്മേന്ദ്ര പ്രധാന് പിന്തുണയുമായി എൻഡിഎ എംപിമാർ

ന്യൂഡൽഹി: മന്ത്രി സ്ഥാനം രാജിവെച്ച് പാർലമെൻറിലെത്തിയ ധർമ്മേന്ദ്ര പ്രധാനിന് എൻഡിഎ എംപിമാരുടെ ഊഷ്മള സ്വീകരണം. തിങ്കളാഴ്ച പാർലമെൻറിലെത്തിയ അദ്ദേഹത്തെ ആഹ്ലാദാരവങ്ങളോടെയാണ് ഭരണപക്ഷ എംപിമാർ വരവേറ്റത്. കാറിൽ നിന്നിറങ്ങി ചിരിച്ചുകൊണ്ട് കൈകൂപ്പി നീങ്ങിയ അദ്ദേഹത്തിന് ചുറ്റം മുദ്രാവാക്യ വിളികളുമായി എംപിമാർ തടിച്ചുകൂടി. ചിലർ അദ്ദേഹത്തിൻറെ തലയിൽ പരമ്പരാഗത തൊപ്പിയും തോളിൽ ഷാളും അണിയിച്ചു. രാജ്യതാൽപര്യം മുൻനിർത്തിയാണ് താൻ പദവി ഒഴിഞ്ഞതെന്നും യുവാക്കളെ ആശയക്കുഴപ്പത്തിൻറെ വലയിൽ പെടാൻ അനുവദിക്കില്ലെന്നും അദ്ദേഹം എക്സിൽ കുറിച്ചിരുന്നു. വരാനിരിക്കുന്ന അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ചുമതലകളോ പാർട്ടി സംഘടനാ തലത്തിലോ പുതിയ ദൗത്യങ്ങൾ ലഭിച്ചേക്കുമെന്ന് റിപ്പോർട്ടുകളുണ്ട്. ഒഡീഷ ബിജെപിയിലെ കരുത്തുറ്റ നേതാവായ അദ്ദേഹം ദേശീയ രാഷ്ട്രീയത്തിലും നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൻറെ ചുമതല, പശ്ചിമ ബംഗാളിലെ ഭവാനിപ്പൂരിൽ സുവേന്ദു അധികാരി നേടിയ ചരിത്ര വിജയത്തിലും പ്രധാന് നിർണായക പങ്കുണ്ട്. കഴിഞ്ഞ ദിവസം ആഭ്യന്തര മന്ത്രി അമിത് ഷാ, ബിജെപി അധ്യക്ഷൻ നിതിൻ നവീൻ, പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് തുടങ്ങിയ പ്രമുഖർ അദ്ദേഹത്തിൻറെ വീട്ടിലെത്തിയിരുന്നു.

## ഐഐടി ഗോഹട്ടിയിലെ വിദ്യാർഥി മരിച്ച നിലയിൽ

ദിസ്പൂർ: അസാമിലെ ഗോഹട്ടി കാമ്പസിൽ മൂന്നാം വർഷ ബിടെക് വിദ്യാർഥിയെ മരിച്ച നിലയിൽ കണ്ടെത്തി. ഒഡീഷയിലെ പുരി സ്വദേശി റിതേഷ് രാജ് സിംഗാണ് മരിച്ചത്. ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ടരയോടെ കോളജിലെ കെട്ടിടത്തിൻറെ അഞ്ചാം നിലയിൽ നിന്ന് റിതേഷ് ചാടിയതാണെന്നാണ് പ്രാഥമിക നിഗമനം. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു. മരണവുമായി ബന്ധപ്പെട്ട എല്ലാ സാഹചര്യങ്ങളും പരിശോധിച്ചുവരികയാണെന്ന് അന്വേഷണ ഉദ്യോഗസ്ഥർ വ്യക്തമാക്കി. അന്വേഷണത്തിൻറെ ഭാഗമായി വിദ്യാർഥികളുടെയും ഇൻസ്റ്റിറ്റ്യൂട്ട് അധികൃതരുടെയും മൊഴികൾ രേഖപ്പെടുത്തി വരുന്നുണ്ട്. മൃതദേഹം പോസ്റ്റ്മോർട്ടം നടപടികൾക്കായി ഗോഹട്ടി മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു മാറ്റിയിട്ടുണ്ട്.

## സ്പോട്ട് അഡ്മിഷൻ

ടൂറിസം വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം കണ്ണേറ്റുമുക്കിൽ പ്രവർത്തിക്കുന്ന ഗവണ്മെന്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സെന്ററിൽ 2026-27 അധ്യയന വർഷത്തെ ഒരു വർഷം ദൈർഘ്യമുള്ള ഹോട്ടൽ മാനേജ്മെന്റ് കോഴ്സായ ഫുഡ് പ്രൊഡക്ഷൻ കോഴ്സിലേയ്ക്ക് ഒ.ബി.സി വിഭാഗത്തിൽ ഏതാനും സീറ്റും, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, ഫുഡ് ആൻഡ് ബിവറേജ് സർവീസ് എന്നീ കോഴ്സുകളിലേയ്ക്ക് എസ്.സി, എസ്.ടി വിഭാഗത്തിലും, കൂടാതെ മററ് വിഭാഗങ്ങളിലും ഏതാനും സീറ്റുകൾ ഒഴിവുണ്ട്. എസ്.എസ്.എൽ.സി./പ്ലസ് ടു/ ടി.സി. എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഓഫീസിൽ നേരിട്ട് എത്തി അഡ്മിഷൻ നേടാവുന്നതാണ്. അടിസ്ഥാന യോഗ്യത പ്ലസ് ടു / തത്തുല്യം / ഡിഗ്രി. ഫോൺ: 0471 2728340 / 8075319643/ 7561882783 / 6238455239.

## യൂറോ ടെക്നീഷ്യൻ താത്കാലിക നിയമനം

എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റി മുഖേന യൂറോ ടെക്നീഷ്യൻ തസ്തികയിലേക്ക് താത്കാലിക നിയമനത്തിന് ജൂലൈ 29 രാവിലെ 11 ന് വാക്-ഇൻ ഇന്റർവ്യൂ നടത്തുന്നു. ബിഎസ്സി ഇൻ യൂറോളജി ടെക്നീഷ്യൻ/ഡിപ്ലോമ ഇൻ യൂറോളജി ടെക്നീഷ്യൻ അല്ലെങ്കിൽ ബിഎസ്സി ഇൻ അനസ്തേഷ്യ/ഒ.ടി ടെക്നീഷ്യൻ/ഡിപ്ലോമ ഇൻ ഒ.ടി ടെക്നീഷ്യൻ ആണ് യോഗ്യത. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ, പകർപ്പ്, ബയോഡാറ്റ സഹിതം 29 ന് രാവിലെ 11 ന് ആശുപത്രി സൂപ്രണ്ടിന്റെ ഓഫീസിൽ എത്തണം. കൂടുതൽ വിവരങ്ങൾക്ക്: 0484-2386000.